

# ടൈംസ് ഓഫ് അമേരിക്ക
# TIMES of AMERICA

2025 ഒക്ടോബർ 15 – 30
Volume XIX Issue 19

## അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: **timesofamerica.org**
News Cordination: Joychan Puthukulam

Managing Editor: **Mathew George**
Tel: 267-991-2111







# ദൈവത്തിന് നന്ദി പറയേണ്ട ദിനം, തീവ്രവാദവും മരണവും അവസാനിച്ചു: ട്രംപ്



ടെൽ അവീവ്: ഗാസ സമാധാന ഉച്ചകോടിയിൽ പങ്കെടുക്കുന്നതിന് മുമ്പായി ഇസ്രയേലിലെത്തിയ അമേരിക്കൻ പ്രസിഡൻറ് ഡൊണാൾഡ് ട്രംപ് ഇസ്രയേൽ പാർലമെന്റിനെ അഭിസംബോധന ചെയ്തു. ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായി കൂടിക്കാഴ്ച നടത്തിയതിന് ശേഷമാണ് ട്രംപ് പാർലമെന്റിലെത്തിയത്. ദൈവത്തിന് നന്ദി പറയേണ്ട ദിവസമാണ് ഇതെന്ന് പറഞ്ഞുകൊണ്ടാണ് ട്രംപ് സംസാരിച്ചത്.

ഇസ്രയേൽ പാർലമെൻറ് ഒന്നടങ്കം എഴുന്നേറ്റ് നിന്നാണ് ട്രംപിനെ സ്വീകരിച്ചത്. മിഡിൽ ഈസ്റ്റ് എന്നന്നേക്കും സമാധാനത്തിൽ ജീവിക്കും, തീവ്രവാദവും മരണവും അവസാനിച്ചു. ഇനിയുള്ള കാലം പ്രതീക്ഷകളുടെയും സമാധാനത്തിന്റെയുമാണെന്നും ട്രംപ് പറഞ്ഞു. കൂടാതെ ഇസ്രായേലിന്റെയും മിഡിൽ ഈസ്റ്റിന്റെയും സുവർണ കാലമാണ് വരുന്നതെന്ന് പറഞ്ഞ ട്രംപ് ഇസ്രയേൽ പാർലമെൻറിൽ നെതന്യാഹുവിനെ പുകഴ്ത്തുകയും ചെയ്തു. യുദ്ധങ്ങൾ ഉണ്ടാക്കുന്നതല്ല അവസാനിപ്പിക്കുന്നതാണ് തന്റെ വ്യക്തിത്വം എന്ന് പറഞ്ഞ ട്രംപ് ഒക്ടോബർ ഏഴിലുണ്ടായ ആക്രമണത്തിൽ അമേരിക്ക ഇസ്രയേലിന് ഒപ്പം നിന്നു എന്നും വ്യക്തമാക്കി.

ടെൽ അവിവ് ബീച്ചിൽ നന്ദി ട്രംപ്എന്ന് ബാനർ എഴുതിയാണ് ഇസ്രയേൽ ട്രംപിനെ സ്വീകരിച്ചത്.

# ഗസ്സ പുനർനിർമ്മാണം: 7000 കോടി ഡോളർ വേണമെന്ന് പ്രാഥമിക വിലയിരുത്തൽ

ഗസ്സ: ഗസ്സയിലെ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും പുനർനിർമാണം നിരീക്ഷിക്കുന്നതിനുമായി 15 അംഗ സംഘത്തെ നിയോഗിച്ചു. പുനർനിർമാണത്തിന് 7000 കോടി ഡോളർ വേണമെന്നാണ് പ്രാഥമിക വിലയിരുത്തൽ.

ഗസ്സയെ സഹായിക്കാൻ യു.എസും അറബ്, യൂറോപ്യൻ രാജ്യങ്ങളും കൈകോർക്കുമെന്ന് യു.എൻ അറിയിച്ചു. ഗസ്സയിലെ 80 ശതമാനത്തിലധികം കെട്ടിടങ്ങളും ഇസ്രായേൽ ആക്രമണത്തിൽ പൂർണമായി തകർന്നിരുന്നു.

# ഷട്ട്ഡൗൺ പന്ത്രണ്ടാം ദിവസം: കൂടുതൽ ഫെഡറൽ തൊഴിലാളികളെ പിരിച്ചുവിടേണ്ടിവരുമെന്ന് ജെ.ഡി. വാൻസ്

**– പി പി ചെറിയാൻ**

വാഷിംഗ്ടൺ: ഗവൺമെന്റ് ഷട്ട്ഡൗൺ 12–ാം ദിവസത്തിൽ കടക്കുമ്പോൾ, കൂടുതൽ ഫെഡറൽ തൊഴിലാളികളെ പിരിച്ചുവിടേണ്ടിവരുമെന്ന് വിസി. പ്രസിഡന്റ് ജെ.ഡി. വാൻസ് മുന്നറിയിപ്പ് നൽകി.

ഭക്ഷ്യസഹായം, സൈനിക വേതനം തുടങ്ങിയവ നിലനിർത്താൻ ശ്രമമുണ്ടെങ്കിലും സമവായം നിലവിൽ കഴിയുന്നില്ല. ഇപ്പോഴത്തെ സ്ഥിതി തുടരുകയാണെങ്കിൽ ഫെഡറൽ ജീവനക്കാരെ പിരിച്ചുവിടലും നിർബന്ധമാകുമെന്ന് അദ്ദേഹം പറഞ്ഞു.

ആയിരകണക്കിന് സർക്കാർ ജീവനക്കാർക്ക് വേത നം ഇല്ലാതെ വീട്ടിലിരിക്കേണ്ടിവരികയാണെന്ന് വാൻസ് പറഞ്ഞു. കിടപ്പുരോഗികൾക്കും പട്ടിണിയുടെയും ഭക്ഷ്യസഹായത്തിന്റെയും സേവനങ്ങൾ താൽക്കാലികമായി നിലനിർത്താൻ ശ്രമങ്ങൾ തുടരുകയാണെന്ന് അദ്ദേഹം അറിയിച്ചു.

അതേസമയം, ഫണ്ടുകളുടെ അഭാവത്തിൽ സ്മിത്സോണിയൻ മ്യൂസിയങ്ങളും നാഷണൽ സൂവും അടക്കമുള്ള സ്ഥാപനങ്ങൾ താൽക്കാലികമായി അടച്ചതായി അധികൃതർ അറിയിച്ചു.

വൈദ്യസഹായത്തിനുള്ള ഫണ്ട് പുതുക്കണം എന്ന ഡെമോക്രാറ്റുകളുടെ ആവശ്യം അംഗീകരിക്കാതിരുന്നത് ഷട്ട്ഡൗണിന് കാരണമായി. ഇടതുപക്ഷം റിപ്പബ്ലിക്കൻ ഭരണത്തെ കുറ്റപ്പെടുത്തി, ജനങ്ങൾക്കു നേരെയുള്ള ശിക്ഷയാണിത് എന്നും ആരോപിച്ചു.

ഫെഡറൽ ജീവനക്കാരെ പിരിച്ചുവിടാൻ ട്രംപ് ഭരണകൂടം ശ്രമിക്കുകയാണെന്നും, ഇത് നിയമവിരുദ്ധമാണെന്നും ഡെമോക്രാറ്റിക് പാർട്ടിയും തൊഴിലാളി യൂണിയനുകളും ആരോപിച്ചു. ഇപ്പോഴത്തെ പ്രതിസന്ധിക്ക് ഉത്തരവാദിത്തം ട്രംപ് ഭരണത്തിനാണ് എന്ന് പ്രൊഗ്രസ്സീവ് നേതാക്കളും വ്യക്തമാക്കി.

## പുതുമയുള്ള ആപ്പ് തയ്യാറാക്കി മലയാളി എഞ്ചിനീയർമാർ

– പി പി ചെറിയാൻ

നോർത്ത്കരോളിന: സ്റ്റോക്കുകളിൽ പണം നിക്ഷേപിക്കുന്നവർക്കായി തയ്യാറാക്കിയ ഒരു പുതുമയുള്ള ആപ്പ് ആണ് ഫിൻ ചിർപ്പ്.

ലോകമെമ്പാടും നടക്കുന്ന വിപണിയിലെ മാറ്റങ്ങൾ, കമ്പനികളിലെ വിലയിടിവുകൾ, സാമ്പത്തിക വാർത്തകൾ തുടങ്ങിയ വിവരങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാനും വിലയിരുത്താനും സഹായിക്കുന്നതാണ് ഈ ആപ്പ്.

ഫിൻ ചിർപ്പ് എന്നത് ആർട്ടിഫിഷൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ളതാണ്. നിക്ഷേപകരുടെ പോർട്ട് ഫോളിയോയിലുള്ള പ്രധാനപ്പെട്ട വിവരങ്ങൾ ഈ ആപ്പ് സ്വയം വിശകലനം ചെയ്ത് 40 മുതൽ 50 സെക്കൻഡ് വരെ ദൈർഘ്യമുള്ള ചെറുചിർപ്പുകൾ ആയി അവതരിപ്പിക്കുന്നു.

അമേരിക്കയിലെ നോർത്ത് കരോളിനയിലെ ചാർലോട്ട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു മലയാളി സംരംഭമാണ് ഫിൻ ചിർപ്പ്. ഈ ആപ്പിന് പിന്നിൽ ചാർലോട്ട് (യു.എസ്), എഡ്മോണ്ടൻ (കാനഡ), ലണ്ടൻ (യുകെ) എന്നീ നഗരങ്ങളിൽ നിന്നുള്ള നാല് മലയാളി ഐ.ടി. എഞ്ചിനീയർമാരാണ് പ്രവർത്തിക്കുന്നത്. ലോകത്തിന്റെ ഏത് ഭാഗത്തുനിന്നും ഉപയോക്താക്കൾക്ക് ഈ ആപ്പ് ഉപയോഗിച്ച് വിവരങ്ങൾ കേൾക്കാൻ കഴിയും.

സ്റ്റോക്ക് വിപണിയിലെ മാറ്റങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നതിലൂടെ നിക്ഷേപകരെ കൂടുതൽ ബോധവാന്മാരാക്കുകയാണ് ഫിൻ ചിർപ്പിന്റെ ലക്ഷ്യം.

കൂടുതൽ വിവരങ്ങൾക്ക് www.myfinchirp.com, info@myfinchirp.com


സാംസ്കാരികം

അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക
ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം
പി.ഡി.എഫ് ഫയലിനോടൊപ്പം
www.timesofamericanmalayali.com

ഈ ലക്കത്തിൽ

പ്രതിമാസ സാംസ്കാരിക മാസിക
സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം

ഇന്ത്യയുടെ മെട്രോമാൻ എന്ന ഇതിഹാസം




## ട്രംപിന്റെ പുതിയ ഐആർഎസ് നേതാവ് സോഷ്യൽ സെക്യൂരിറ്റി ചീഫ് ഫ്രാങ്ക് ബിസിഗ്നാനോ



വാഷിംഗ്ടൺ: യു.എസ്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ആഭ്യന്തര വരുമാന സേവന ഏജൻസിയായ ഐആർഎസിന്റെ നേതൃത്വത്തിൽ സോഷ്യൽ സെക്യൂരിറ്റി അഡ്മിനിസ്ട്രേറ്റർ ഫ്രാങ്ക് ബിസിഗ്നാനോയെ ഐആർഎസിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്ന പദവിയിലേക്ക് നിയമിച്ചു. ഇത് ഐആർഎസിൽ നിലവിലില്ലാത്ത പദവിയാണ്.

നേതൃത്വക്കുറവ് നികത്തുന്നതിനും സെനറ്റിൽ കംഫർമേഷൻ പ്രക്രിയ ഒഴിവാക്കുന്നതിനുമാണ് ട്രംപ് സർക്കാരിന്റെ ഈ നീക്കം. ട്രഷറി സെക്രട്ടറിയായ സ്കോട്ട് ബെസ്സന്റ് ഔദ്യോഗികമായി ഐആർഎസിന്റെ ആക്ടിംഗ് കമ്മീഷണറായി തുടരുമ്പോൾ, ദിനംപ്രതി പ്രവർത്തനങ്ങൾക്ക് ബിസിഗ്നാനോ ചുമതല വഹിക്കും.

പൂർവ ഐആർഎസ് കമ്മീഷണർമാരായ ജോൺ കോസ്കൈനും നിന ഒൽസണും ഈ ഇരട്ടചുമതലയ്ക്ക് വിമർശനം അറിയിച്ചിട്ടുണ്ട്. ഇരു ഏജൻസികളും വലിയ അളവിൽ ചെറുതായി പ്രവർത്തിക്കുകയാണ്. ഇത്രയും കഠിനമായ കാലഘട്ടത്തിൽ രണ്ട് ഏജൻസികൾ ഒറ്റയാൾക്ക് നയിക്കാനാകില്ല എന്നതാണ് അവരുടെ നിലപാട്.

ബിസിഗ്നാനോ ഫൈനാൻഷ്യൽ സർവീസ് രംഗത്ത് പഴയ സി.ഇ.ഒ ആയിരുന്നുവെന്നും, അദ്ദേഹത്തിന്റെ സ്വകാര്യ മേഖലയിൽ നിന്നുള്ള മാനേജ്മെന്റ് പരിചയം സർക്കാർ മേഖലകളിലും നല്ല ഫലങ്ങൾ നൽകും എന്ന് ബെസ്സന്റ് അറിയിച്ചു.

എങ്കിലും, ട്രംപിന്റെ രണ്ടാം കാലയളവിൽ സോഷ്യൽ സെക്യൂരിറ്റി ഏജൻസിയും കനത്ത വിമർശനങ്ങൾ നേരിട്ടിരുന്നു. ഉപഭോക്തൃസേവനങ്ങൾ ദുർബലമായതിന്റെ പശ്ചാത്തലത്തിൽ, നിരവധി ജീവനക്കാർ ഈ പുതിയ നീക്കത്തിൽ അതൃപ്തി പ്രകടിപ്പിച്ചു.

## ദീപാവലി, ഹോളി, രക്ഷാബന്ധൻ കഥകൾ ആചാരങ്ങളും മൂല്യങ്ങളും പഠിപ്പിച്ചുവെന്ന് സോഹ്രാൻ മമ്ദാനി

– പി.പി ചെറിയാൻ



ന്യൂയോർക്ക്: ദീപാവലി, ഹോളി, രക്ഷാബന്ധൻ എന്നിവയുടെ കഥകളും ആചാരങ്ങളും ഏറെ പ്രിയപ്പെട്ട മൂല്യങ്ങൾ പഠിപ്പിച്ചുവെന്ന ന്യൂയോർക്ക് നഗര മേയർ സ്ഥാനാർത്ഥിയും ഡെമോക്രാറ്റിക് പാർട്ടിയിലെ നേതാവുമായ സോഹ്രാൻ മമ്ദാനി, ഒക്ടോബർ 5ന് ഫ്ളഷിംഗിലെ ഗണപതി ക്ഷേത്ര സന്ദർശനത്തിനിടയിൽ അഭിപ്രായപ്പെട്ടു.

പ്രസിദ്ധമായ ചലച്ചിത്ര സംവിധായികയും ഓസ്കാർ നോമിനേറ്റഡുമായ മിറാ നായറിന്റെ മകനായ മമ്ദാനി തന്റെ അമ്മയുടെ ഹിന്ദു പശ്ചാത്തലത്തെ കുറിച്ചും, മതസാംസ്കാരിക പരസ്പര ബോധതയിൽ വളർന്നതിനെ കുറിച്ചും സംസാരിച്ചു.ക്യൂൺസ് പ്രദേശത്തെ നിയമസഭാ അംഗമായ മമ്ദാനി, നവംബർ 4ന് മുൻ ഗവർണർ ആൻഡ്രൂ കുവോമോ (സ്വതന്ത്രൻ), റിപ്പബ്ലിക്കൻ കർട്ടിസ് സ്ലിവ എന്നിവരുമായി മേയർ സ്ഥാനത്തിനായി മത്സരിക്കുന്നു. തെരഞ്ഞെടുപ്പിൽ വിജയിച്ചാൽ, മമ്ദാനി ന്യൂയോർക്ക് നഗരത്തിലെ ആദ്യത്തെ ദക്ഷിണേഷ്യൻ, ഇന്ത്യൻ, മുസ്ലിം മേയറാവും.

മമ്ദാനി പിന്നീട് ബിഎപിഎസ് ക്ഷേത്രവും സന്ദർശിച്ചു. അവിടെയും അദ്ദേഹത്തെ ആവേശത്തോടെ വരവേറ്റു.

**15 October - Pregnancy and Infant Loss Remembrance Day**

Pregnancy and Infant Loss Remembrance Day is observed on 15 October annually in the United States. This day is a day of remembrance for pregnancy loss and infant death. It is observed with remembrance ceremonies and candle-lighting vigils.

## ഐപിസിഎൻഎ കോൺഫ്രൻസ് വൈവിധ്യമാർന്ന പരിപാടികളോടെ സമാപിച്ചു



ന്യൂ ജേഴ്സി: അമേരിക്കൻ മലയാളി മാധ്യമ ചരിത്രത്തിൽ എക്കാലവും അനുസ്മരിക്കപ്പെടുന്ന ഐ.പി.സി.എൻ.എ മാധ്യമ സെമിനാർ വിവിധ പരിപാടികളോടെ എഡിസൺ ഷറാട്ടണിൽ സമാപിച്ചു.

കേരളത്തിലെ മുഖ്യധാരാ ചാനലുകളിൽ നിന്നുള്ള പ്രൊഫഷണലുകൾ പങ്കെടുത്തു. പ്രതിഭകളുടെ സാന്നിധ്യവും അവരുമായുള്ള സംവാദവും വിവിധ സെഷനുകളും സെമിനാറുകളും പുതുമയുള്ള സമകാലിക വിഷയങ്ങളുംകൊണ്ടു പുതുമയുള്ളതായി.

ലോകമെങ്ങും മാധ്യമസ്വാതന്ത്ര്യം കടുത്ത വെല്ലുവിളികൾ നേരിടുന്ന കാലഘട്ടമാണിതെന്നും ഇന്ത്യയിലും വിദേശരാജ്യങ്ങളിലും ആയി മാധ്യമസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ ആണെങ്കിലും അവയെല്ലാം ഇല്ലാതായി വരികയാണെന്നും സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് എം.കെ.പ്രേമചന്ദ്രൻ എംപി പറഞ്ഞു.

കേരളത്തിലെ പ്രശസ്തരായ മാധ്യമപ്രതിഭകളെ അമേരിക്കയിൽ കൊണ്ടുവന്ന് പ്രവാസി സമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുക എന്നത് അനിതര സാധാരണമായ നേട്ടം തന്നെയാണ്. കേരളത്തിലെ മാധ്യമ സംവിധാനം തീവ്രവും സജീവവുമാണ്. അതിന്റേതായ ഗുണദോഷങ്ങൾ ഉണ്ടെങ്കിലും കേരളം വേറിട്ട് നിൽക്കുന്നത് മാധ്യമങ്ങളുടെ വലിയ സംഭാവന ഒന്നു കൊണ്ടുമാത്രമാണെന്ന് എൻ കെ പ്രേമചന്ദ്രൻ പറഞ്ഞു. നാഷണൽ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ സ്വാഗതം പറഞ്ഞു.

പാലക്കാട് എം.പി. വി.കെ. ശ്രീകണ്ഠൻ, റാന്നി എം.എൽ.എ. പ്രമോദ് നാരായണ്‍, മനോരമ ന്യൂസ് ഡയറക്ടർ ജോണി ലൂക്കോസ്, ഏഷ്യാനെറ്റ് ന്യൂസ് എഡിറ്റർ അബ്ജോദ് വർഗീസ്, 24 ന്യൂസ് എഡിറ്റർ ഹാഷ്മി താജ് ഇബ്രാഹിം, റിപ്പോർട്ട് ചാനൽ കോഡിനേറ്റർ എഡിറ്റർ സുജയ പാർവതി, മാതൃഭൂമി ടിവി സീനിയർ സബ് എഡിറ്റർ മോത്തി രാജേഷ്, ന്യൂസ് 18 കൺസൾട്ടിങ് എഡിറ്റർ ലീൻ ബി. ജെയ്മസ്, ബിലീവേഴ്സ് ചർച്ച് മാനേജിങ് ഡയറക്ടർ ഫാദർ സിജോ പന്തപള്ളി, ഐ.പി.സി.എൻ.എ. ഷിജോ പൗലോസ്, ട്രഷറർ വിശാഖ് ചെറിയാൻ, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, ഐപിസിഎൻഎ ഇലക്ട് പ്രസിഡന്റ് രാജു പള്ളത്ത്, നാഷണൽ വൈസ് പ്രസിഡന്റ് അനിൽകുമാർ ആറന്മുള, ജോയിന്റ് സെക്രട്ടറി ആഷാ മാത്യു, ജോയിന്റ് ട്രഷറർ റോയി മുളകുന്നം, കോൺഫ്രൻസ് ചെയർമാൻ സജി ഏബ്രഹാം, ഷോളി കുമ്പളിവേലി തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ വിവിധ സെഷനുകളിൽ പ്രസംഗിച്ചു. മധു കൊട്ടാരക്കര, മാത്യു വർഗീസ് എന്നിവർ എംസിമാരായി പ്രവർത്തിച്ചു.

## മിനസോട്ടയിലെ ഹൈന്ദവ ക്ഷേത്രത്തിൽ ഭക്തിപൂർവ്വം അയ്യപ്പ പടി പൂജ നടന്നു



– സുരേഷ് മിനസോട്ട

അമേരിക്കൻ മണ്ണിൽ ശബരിമലയുടെ പവിത്രമായ ഓർമ്മകളുണർത്തി മിനസോട്ടയിലെ ഹൈന്ദവ ക്ഷേത്രത്തിൽ നടന്ന അയ്യപ്പ പടി പൂജയും പതിനെട്ടാം പടിയുടെ വെള്ളി കവച സമർപ്പണവും മലയാളി ഭക്തർക്ക് ആത്മീയ നിർവൃതി നൽകി. ചടങ്ങിൽ മിനസോട്ടയിലെയും സമീപ പ്രദേശങ്ങളിലെയും നിരവധി അയ്യപ്പ ഭക്തർ പങ്കെടുത്തു. കേരളത്തിലെ ശബരിമല ധർമ്മശാസ്താ ക്ഷേത്രത്തിലെ പ്രധാന വഴിപാടുകളിലൊന്നാണ് പടിപൂജ. പതിനെട്ട് പടികൾക്ക് അതീവ പ്രാധാന്യം നൽകിക്കൊണ്ട് നടത്തപ്പെടുന്ന ഈ ചടങ്ങ് മിനസോട്ട ക്ഷേത്രത്തിലെ അയ്യപ്പ സന്നിധിയിൽ യഥാവിധി പുനസൃഷ്ടിക്കപ്പെട്ടപ്പോൾ വിശ്വാസികൾക്ക് അത് ഭക്തി സാന്ദ്രമായ ഒരു അനുഭവും ആയി.

ക്ഷേത്രത്തിലെ മുഖ്യശാന്തി മുരളി ഭട്ടരുടെയും മറ്റ് പൂജാരിമാരുടെയും നേതൃത്വത്തിൽ, പ്രത്യേകമായി അലങ്കരിച്ച പതിനെട്ട് പടികളിൽ മന്ത്രോച്ചാരണങ്ങളോടെ പൂജകൾ നടന്നു. രാമനാഥൻ അയ്യരും ലീലാ രാമനാഥനും ചടങ്ങുകൾക്ക് നേതൃത്വം നൽകി.

ഓരോ പടികളെയും മനോഹരമായി പുഷ്പങ്ങൾ കൊണ്ടും ദീപങ്ങൾ കൊണ്ടും അലങ്കരിച്ചിരുന്നു. ഭക്തിയുടെ പ്രഭ ചൊരിഞ്ഞ ഈ ദൃശ്യം ഭക്തർക്ക് അവിസ്മരണീയമായ അനുഭവമായി. പടിപൂജക്ക് ശേഷം ലീലാ രാമനാഥനും സംഘവും ഭക്തിസാന്ദ്രമായ ഭജനയും നടത്തി. തുടർന്ന് എല്ലാ ഭക്തർക്കും പ്രസാദ വിതരണവും ഒരുക്കിയിരുന്നു.

മിനസോട്ടയിലെ ഹൈന്ദവ സമൂഹം, പ്രത്യേകിച്ച് മലയാളി സമൂഹം, തങ്ങളുടെ സാംസ്കാരികവും ആത്മീയവുമായ പാരമ്പര്യങ്ങൾ അമേരിക്കൻ മണ്ണിൽ നിലനിർത്തുന്നതിൽ ഈ ചടങ്ങുകൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. പുതിയ തലമുറയ്ക്ക് ഹൈന്ദവ ആചാരങ്ങളെക്കുറിച്ച് മനസ്സിലാക്കാനും പഠിക്കാനും ഇത്തരം പരിപാടികൾ അവസരം നൽകുന്നു. മിനസോട്ട ഹൈന്ദവ ക്ഷേത്ര സമിതിയുടെ നേതൃത്വത്തിൽ നടന്ന ഈ ചടങ്ങ്, പ്രവാസലോകത്ത് ഭക്തിയുടെയും ഐക്യത്തിന്റെയും ദീപം കെടാതെ സൂക്ഷിക്കുന്നു എന്നതിന്റെ സാക്ഷ്യമായി.

## കേരള സെന്റർ 7 ഇന്ത്യൻ അമേരിക്കൻ മലയാളികളെ ആദരിക്കുന്നു



സമൂഹനന്മയ്ക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്നവരും തങ്ങളുടെ പ്രവർത്തന മേഖലകളിൽ പ്രതിഭ തെളിയിച്ചവരുമായ 7 ഇന്ത്യൻ അമേരിക്കൻ മലയാളികളെ കേരള സെന്റർ അവാർഡ് നൽകി ആദരിക്കുന്നു

ഒക്ടോബർ 25 ശനിയാഴ്ച 5.30ന് കേരള സെന്റർ ഓഡിറ്റോറിയത്തിൽ നടക്കുന്ന 33-ാമത് വാർഷികത്തിലാണ് അവാർഡ് സമർപ്പണം. അമേരിക്കയിലെയും കേരളത്തിലെയും സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ നേതാക്കന്മാർ സംബന്ധിക്കുമെന്ന് ബോർഡ് ചെയർമാനും അവാർഡ് കമ്മിറ്റി മെമ്പറുമായ ഡോക്ടർ തോമസ് എബ്രഹാം പറഞ്ഞു. ഡെയ്സി പി, സ്റ്റീഫൻ ജോർജ് എന്നിവരാണ് മറ്റു കമ്മിറ്റി അംഗങ്ങൾ.

ഷിബു മധു (ഇൻസ്പെക്ടർ), കോശി തോമസ് (ഗവൺമെന്റ് പബ്ലിക് സർവീസ്), പ്രിസില സാമുവൽ (കമ്യൂണിറ്റി സർവീസസ്), ദിയ മാത്യൂസ് (നഴ്സിംഗ്), ജയൻ വർഗീസ് (ലീഗൽ സർവീസസ്), നന്ദിനി മേനോൻ (പ്രവാസി മലയാള സാഹിത്യം), ജൊഹാറത്ത് കുട്ടി (എജുക്കേഷൻ), ഡോക്ടർ സുരേഷ് കുമാർ (എൻജിനീയറിങ്) എന്നിവരാണ് അവാർഡിന് അർഹരായത്.

കൂടുതൽ വിവരങ്ങൾക്ക് അലക്സ് കെ എസ്തപ്പാൻ (പ്രസിഡന്റ്) 516 539 387, രാജു തോമസ് (സെക്രട്ടറി) 516 434 0669, ജി.മത്തായി (പ്രോഗ്രാം ചെയർമാൻ) 516 816 4915.

## രണ്ട് ഇന്ത്യൻ അമേരിക്കൻ ഗവേഷകർക്ക് 2025 മക് ആർതർ ഫെലോഷിപ്പുകൾ ലഭിച്ചു

**- പിപി ചെറിയാൻ**



ന്യൂയോർക്ക്: പ്രശസ്തമായ യു.എസ്. മക് ആർതർ ഫെലോഷിപ്പിന് 2025ലെ അവാർഡ് ലഭിച്ച 22 പേർക്കിടയിൽ ഇന്ത്യൻ വംശജനായ നബറൂൺ ദാസ് ഗുപ്തയും മലയാളി പാരമ്പര്യമുള്ള ഡോ.തെരേസ പുത്തുശേരിയും ഇടം പിടിച്ചു. ഈ ഫെലോഷിപ്പ് അമേരിക്കയുടെ ഏറ്റവും മഹത്തരമായ അംഗീകാരങ്ങളിൽ ഒന്നാണ്, 'ജീനിയസ് ഗ്രാന്റ്' എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. വിജയികൾക്ക് 800,000 ഡോളർ (6.6 കോടി രൂപ) സമ്മാനമായി നൽകപ്പെടും.

നബറൂൺ ദാസ് ഗുപ്ത ന്യൂൺസി സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ പ്രവർത്തിക്കുന്ന ഒരു എപ്പിഡെമിയോളജിസ്റ്റും ഹാർം റെഡക്ഷൻ പ്രവർത്തകനുമാണ്. മയക്കുമരുന്ന് അതിരുകൾ കുറയ്ക്കാനും പൊതുജനങ്ങളെ ബോധവത്ക്കരിക്കാനുമുള്ള ശ്രമങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നു. അദ്ദേഹത്തിന്റെ നിരവധി പദ്ധതികൾ അമേരിക്കയിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്, പ്രത്യേകിച്ച് നലോക്സോൺ മരുന്ന് വിതരണം ഉൾപ്പെടെ.

ഡോ. തെരേസ പുത്തുശേരി കൺസർവേറ്റീവ് ന്യുറോബയോളജിയിലും ഓപ്റ്റോമെട്രിയിലും പ്രവർത്തിക്കുന്നു. കാഴ്ചയുടെ പ്രക്രിയയെക്കുറിച്ചുള്ള പുത്തൻ കണ്ടെത്തലുകൾ നടത്തിയതിലൂടെ, ഗ്ലോക്കോമ, മാകുലാർ ഡിജനറേഷൻ പോലുള്ള രോഗങ്ങൾക്കുള്ള ചികിത്സയിൽ പുതിയ വഴികൾ തുറക്കാനാണ് ശ്രമിക്കുന്നത്. ഇപ്പോൾ ബർക്ക്ലിയിലെ യൂണിവേഴ്സിറ്റിയിൽ അസോസിയേറ്റ് പ്രൊഫസറാണ്.

15 October - Global Handwashing Day

Global Handwashing Day is observed on 15 October every year and it was founded by the Global Handwashing Partnership. This day provides an opportunity to design, test and replicate creative ways to encourage people to wash their hands with soap at critical times. In 2008, the first Global Handwashing Day was celebrated.

15 October - World White Cane Day

World White Cane Day is celebrated on 15 October by the National Federation of the Blind. White cane for blind people is an essential tool that gives them the ability to achieve a full and independent life. With the help of a white cane, they can move freely and safely from one place to another.

## റൈറ്റ് റവ. സഖറിയാസ് മാർ അപ്രേം എപ്പിസ്കോപ്പായ്ക്ക് സ്വീകരണം




ന്യൂയോർക്ക്: യോങ്കേഴ്സ് സെന്റ് തോമസ് മാർത്തോമ്മ ചർച്ച് ഇടവക വികാരിയായി സേവനം അനുഷ്ഠിച്ചശേഷം മാർത്തോമ സഭയിൽ വാഴിക്കപ്പെട്ട സഖറിയാസ് മാർ അപ്രേം എപ്പിസ്കോപ്പായ്ക്ക് സ്വീകരണം നൽകി.

ന്യൂയോർക്ക് സെന്റ് തോമസ് മാർത്തോമ ഇടവകയിൽ നടന്ന കുർബാനയെത്തുടർന്ന് മെത്രാപ്പോലീത്തയ്ക്ക് അനുമോദനം നൽകി. ഇടവക വികാരി ജോൺ ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. സെന്റ് തോമസ് ചർച്ച് ക്വയർ ഗാനങ്ങൾ ആലപിച്ചു. റവ. പി.എം.തോമസ് ആശംസ പറഞ്ഞു. ചർച്ചിന്റെ സ്നേഹോപഹാരം ട്രസ്റ്റി ബിജു പി. വർഗീസ് എപ്പിസ്കോപ്പയ്ക്ക് സമർപ്പിച്ചു. സുനിൽ എം. വർഗീസ് സ്വാഗതവും അക്കൗണ്ടന്റ് ഉല്ലാസ് താന്നിക്കൽ നന്ദിയും പറഞ്ഞു.

## മാർത്തോമാ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈവശാസ്ത്ര പഠനത്തിൽ ഒമ്പത് അൽമായർക്ക് ഡിപ്ലോമ ബിരുദം



**- മാർട്ടിൻ വിലങ്ങോലിൽ**

ടെക്സാസ്: കോട്ടയം വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിന്റെ കീഴിൽ ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ വിശ്വാസ പരിശീലന ഡിപ്പാർട്ട്മെന്റായ മാർത്തോമാ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന ദൈവശാസ്ത്ര പഠനത്തിൽ, കൊപ്പേൽ സെന്റ് അൽഫോൻസാ സീറോ മലബാർ ഇടവകയിലെ ഒൻപത് അൽമായർ ഡിപ്ലോമ ബിരുദം നേടി.

റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടുമായി അഫിലിയേറ്റ് ചെയ്ത ഈ പാഠ്യപദ്ധതിയിൽ, വിദ്യാർഥികൾ ഓൺലൈനായാണ് പഠനം പൂർത്തിയാക്കിയത്.

ഇടവകയിൽ ഒക്ടോബർ 5ന് നടന്ന ബിരുദദാന ചടങ്ങിൽ ബിഷപ്പ് എമരിറ്റസ് മാർ. ജേക്കബ് അങ്ങാടിയത്ത് ബിരുദധാരികൾക്ക് ഡിപ്ലോമ സമ്മാനിച്ചു.

ജോർജ് പുളിക്കൽ, ജിജോ ജോസഫ്, ഹണി ജിജോ, സന്തോഷ് ജോർജ്, വിനിൽ വർഗീസ്, അമ്പിൽ വി പാലാട്ടി, കിരൺ ജോർജ്, മഞ്ജു കോലഞ്ചേരി, ഷീന ജോൺ എന്നിവരാണ് രണ്ടു വർഷത്തെ പഠനം വിജയകരമായി പൂർത്തിയാക്കി ഡിപ്ലോമ കരസ്ഥമാക്കിയവർ.

ഇടവക വികാരി ഫാ. മാത്യൂസ് കുര്യൻ മുഞ്ഞനാട്ട്, അസിസ്റ്റന്റ് വികാരി ഫാ. ജിമ്മി എടക്കുളത്തൂർ കുര്യൻ, പാഠ്യപദ്ധതിയുടെ സൗത്ത് സോൺ കോർഡിനേറ്റർ മാനുവൽ ജോസഫ് തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

ചിക്കാഗോ രൂപതാ മതബോധന ഡയറക്റ്റർ റവ. ഡോ.ജോർജ് ദാനവേലിൽ ആണ് രൂപതയിലെ തിയോളജിക്കൽ ഡിപ്പാർട്ട്മെന്റിന്റെ ഡയറക്ടറും ഇതിന് നേതൃത്വം നൽകുന്നതും . കോട്ടയം വടവാതൂർ പൗരസ്ത്യവിദ്യാപീഠത്തിലെ പ്രഫസർമാരുടെ കീഴിലാണ് വിദ്യാർഥികളുടെ പഠനം.

വിശ്വാസം ശക്തിപ്പെടുത്തുന്നതിനും ദൈവത്തെയും സഭയെയും കുറിച്ച് ആഴത്തിൽ അറിയുന്നതിനും വേണ്ടി മുതിർന്നവർക്കായി രൂപീകരിച്ച ഈ തിയോളജി കോഴ്സ് പഠനം, 2019 ജൂലൈ 14ന് രൂപതയിൽ തുടക്കം കുറിച്ചു. ഈ പാഠ്യപദ്ധതിയുടെ തുടർച്ചയായ ഏഴാമത്തെ ബാച്ചാണിത്. ഈ ബാച്ചിൽ 37 പേർ പഠനം പൂർത്തിയാക്കി.

## പ്രോസ്റ്റേറ്റ് കാൻസർ: ജോ ബൈഡന്റെ റേഡിയേഷൻ ചികിത്സ ആരംഭിച്ചു

വാഷിംഗ്ടൺ ഡിസി: മുൻ പ്രസിഡന്റ് ജോ ബൈഡൻ പ്രോസ്റ്റേറ്റ് കാൻസറിന് റേഡിയേഷൻ ചികിത്സ ആരംഭിച്ചതായി അദ്ദേഹത്തിന്റെ പ്രതിനിധി അറിയിച്ചു. അടുത്ത മാസം 83 വയസ്സ് തികയുന്ന മുൻ പ്രസിഡന്റിന്റെ വക്താവ് ചികിത്സയ്ക്കുള്ള സമയപരിധി നൽകിയില്ല. ഹോർമോൺ ചികിത്സയും നടത്തി വരികയാണ്.

മെയ് മാസത്തിൽ അദ്ദേഹത്തിന് പ്രോസ്റ്റേറ്റ് കാൻസർ സ്ഥിരീകരിച്ചിരുന്നു. ഇപ്പോൾ അസ്ഥികളിലേക്കു വ്യാപിച്ചതായി വെളിപ്പെട്ടിരുന്നു.

കഴിഞ്ഞ മാസം ബൈഡൻ സ്കിൻ കാൻസറിനായി മോസ് ശസ്ത്രക്രിയയും നടത്തിയിരുന്നു.ബേസൽ സെൽ കാർസിനോമയാണ് ഏറ്റവും സാധാരണമായ ത്വക്ക് കാൻസറിനുള്ളത്. ഇത് സാവധാനത്തിൽ വളരുന്നതും സാധാരണയായി ചികിത്സിക്കാൻ കഴിയുന്നതുമാണ്.

## സി.ഡി.സി പൂർണ്ണമായും പിരിച്ചുവിട്ടു, ആർ.എഫ്.കെ. ജൂനിയർ 1000ലധികം ജീവനക്കാരെ പുറത്താക്കി

– പി പി ചെറിയാൻ

വാഷിംഗ്ടൺ ഡി സി: അമേരിക്കൻ ആരോഗ്യവകുപ്പിൽ (സി.ഡി.സി) വെള്ളിയാഴ്ച രാത്രി ഉണ്ടായ അപ്രതീക്ഷിത നടപടിയിൽ, ആരോഗ്യ സെക്രട്ടറി റോബർട്ട് എഫ്. കെന്നഡി ജൂനിയർ 1000ലധികം ശാസ്ത്രജ്ഞരെയും ഡോക്ടർമാരെയും പൊതുജനാരോഗ്യ ഉദ്യോഗസ്ഥരെയും പുറത്താക്കി.

സിഡിസിയിലെ രോഗപ്രതിരോധ, മഹാമാരികൾ നിയന്ത്രിക്കുന്ന, ഡാറ്റ ശേഖരിക്കുന്ന വകുപ്പുകൾ പൂർണ്ണമായും അടച്ചു. സിഡിസിയുടെ വാഷിങ്ടൺ ഓഫിസും റദ്ദാക്കി.

ട്രംപ് ഭരണകൂടത്തിന്റെ ഭാഗമായ ഈ നടപടിയിലൂടെ ജനങ്ങളുടെ ആരോഗ്യ സുരക്ഷക്ക് ഭീഷണിയുയർത്തുന്നു എന്നാണ് ആരോഗ്യ വിദഗ്ധരുടെ മുന്നറിയിപ്പ്.

## ഷിക്കാഗോ ഐസ് റെയ്ഡിൽ അമേരിക്കൻ പൗരത്വമുള്ള മാധ്യമപ്രവർത്തകയെ അറസ്റ്റ് ചെയ്തു



ഷിക്കാഗോ: ഷിക്കാഗോയിലെ ഡബ്ല്യുജി എൻ ടിവിയിലെ വീഡിയോ എഡിറ്ററായ ഡെബി ബ്രോക്ക്മാനെ ഐസ് റെയ്ഡിനിടെ മാസ്ക് ധരിച്ച രണ്ട് ഏജന്റുമാർ ബലമായി നിലത്ത് തള്ളിയിടുകയും തുടർന്ന് കൈകൾ ബന്ധിച്ച് പിടികൂടി വാനിൽ കയറ്റുകയായിരുന്നു. ഈ ദൃശ്യങ്ങൾ സാമൂഹ്യമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചു.

ചിക്കാഗോ ഇമിഗ്രേഷൻ തടങ്കൽ കേന്ദ്രത്തിന് പുറത്ത് ആയുധങ്ങളുമായി ഫെഡറൽ ഏജന്റുമാരെ ആക്രമിച്ചുവെന്നാരോപിച്ച് ഐസ് വിരുദ്ധ പ്രതിഷേധക്കാർക്കെതിരായ കുറ്റങ്ങൾ പിൻവലിക്കാൻ പ്രോസിക്യൂട്ടർമാർ നിർബന്ധിതരായതിന് ദിവസങ്ങൾക്ക് ശേഷമാണ് ബ്രോക്ക്മാന്റെ അറസ്റ്റ്. ചിക്കാഗോയിലെ ലിങ്കൺ സ്ക്വയറിൽ വച്ചായിരുന്നു സംഭവം.

കേസിൽ കുറ്റപത്രം നൽകാൻ ഗ്രാൻഡ് ജൂറി അംഗങ്ങൾ വിസമ്മതിച്ചതിനെ തുടർന്നാണ് ഈ നീക്കം. ഫെഡറൽ ഉദ്യോഗസ്ഥർക്കു നേരെ വസ്തുക്കൾ എറിയുകയായിരുന്നുവെന്ന് ആഭ്യന്തര സുരക്ഷാ വകുപ്പ് ആരോപിച്ചു. പിന്നീട് ഡെബിയെ വിട്ടയച്ചു. സംഭവത്തെതിരെ നാട്ടുകാരും മാധ്യമ സംഘടനകളും കടുത്ത പ്രതിഷേധം അറിയിച്ചു.

## പിറവം വാർഷിക സംഗമം വർണാഭമായി




– ജോസ് കാടാപുറം

ന്യൂയോർക്ക്: പിറവം നേറ്റീവ് അസോസിയേഷന്റെ വാർഷിക സംഗമം ന്യൂയോർക്കിലെ കേരള സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് ഒക്ടോബർ 11 ശനിയാഴ്ച വർണോജ്വലമായി നടന്നു.

അമീഷ ജെയ്മോന്റെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച പരിപാടിയിൽ പ്രസിഡന്റ് ജെസ്സി ജെയിംസ് കോളങ്ങായിൽ സ്വാഗതം പറഞ്ഞു. ഫൊക്കാന മുൻ എക്സി. വൈസ് പ്രസിഡന്റ്, സാമൂഹിക പ്രവർത്തകനും സാമൂഹിക ചാരിറ്റി രംഗത്ത് നടത്തിയിട്ടുള്ള സേവനങ്ങളെ മാനിച്ചു വിവിധ അവാർഡുകൾ നേടിയിട്ടുള്ള ജോയി ഇട്ടനെ ഭാരവാഹികൾ പൊന്നാട അണിയിച്ചു ആദരിച്ചു.

വർണാഭമായ കലാവിരുന്നുകൾ അംഗങ്ങൾ അവതരിപ്പിച്ചു. പിറവം സംഗമത്തിലെ സീനിയർ അംഗങ്ങളായ ജോർജ് പാടിയേടത്തു, ലിസി ഉച്ചിപ്പിള്ളിൽ, അബ്രഹാം പെരുമ്പളത്തു, ജയ്നമ്മ പെരുമ്പളത്തു എന്നിവരെ ഭാരവാഹികൾ ഉപഹാരങ്ങൾ നൽകി ആദരിച്ചു. റോഷിനി ജോജി, അമീഷ ജെയ്മോൻ, ആരൻ ജെയിംസ് എന്നിവർ ഗാനങ്ങൾ അവതരിപ്പിച്ചു. ഷെറി, ലിസ്സി, വീണ, റാണി, ഷെറിൻ എന്നിവരുടെ മനോഹരമായ സിനിമാറ്റിക് ഡാൻസ് പരിപാടികൾക്ക് മിഴിവ് ഏകി. മനോഹർ തോമസ്,ജോൺ ഐസക്, ജോയ് ഇട്ടൻ, ഷെവലിയാർ ജോർജ് പാടിയേടത്തു എന്നിവർ ആശംസകൾ അർപ്പിച്ചു. ഷൈല പോൾ പരിപാടിയുടെ എംസി ആയിരുന്നു. മനോഹർ തോമസ് (പ്രസിഡന്റ്), ജെനു കെ പോൾ (സെക്രട്ടറി) എന്നിവരെ പുതിയ ഭാരവാഹികളായി തെരെഞ്ഞെടുത്തു

## ഹൂസ്റ്റൻ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ ശ്രീമത് ഭഗവത സപ്താഹയജ്ഞം ആരംഭിച്ചു

– ശങ്കരൻകുട്ടി ഹൂസ്റ്റൻ

ഹൂസ്റ്റൻ: ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ ആഭിമുഖ്യത്തിൽ ഭക്തജനങ്ങളുടെ അഭിലാഷം അനുസരിച്ചു ശ്രീമത് ഭാഗവത സപ്താഹയജ്ഞത്തിനു തുടക്കമായി. 19ന് സമാപിക്കും. സാത്വിക ചിന്തകളാൽ മനസ്സും ശരീരവും പാകപ്പെടുത്തി ഭക്തി ജ്ഞാന വൈരാഗ്യങ്ങളുടെ പടികൾ കടന്നു മോചനത്തിന്റെ ബ്രഹ്മസമുദ്രമായ ബ്രഹ്മോഹം എന്നായിത്തീരുവാൻ ഭക്തിസുധാരസമൊഴുകുന്ന ശ്രീമത് ഭാഗവത സപ്താഹ യജ്ഞം കലിയുഗത്തിൽ എത്രമാത്രം സഹായിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

18,000 ശ്ലോകങ്ങളും 12 സ്കന്ദങ്ങളും അടങ്ങുന്ന കരചരണാദിയവയവങ്ങളോടു കൂടിയ ഭഗവാന്റെ പ്രത്യക്ഷ സ്വരൂപമാണ് ശ്രീമത് ഭാഗവതം. ശ്രീ നാരായണ മന്ത്രത്താൽ ക്ഷേത്ര സന്നിധിയെ ഭക്തിസാന്ദ്രമാക്കി സർവ ജീവ ചരാചരങ്ങൾക്കും ആനന്ദ സുഖവും ഐശ്വര്യവും, കീർത്തിയും പ്രദാനം ചെയ്യുന്ന ഒന്നാണ് ഭാഗവതം. ശ്രവണത്താലും കീർത്തനത്താലും, ശ്രീ കൃഷ്ണദർശനത്താലും എത്ര കേട്ടാലും മതിവരാത്തൊരു സ്വർഗീയ അനുഭൂതി തന്നെയാണ് ഈ ഭാഗവത മഹായജ്ഞം.

ഇത്തരം ഒരു സന്ദർഭം നമ്മുടെ ക്ഷേത്രതിരുമുറ്റത്തു ലഭ്യമാകുമ്പോൾ ആദ്യാവസാനം പങ്കെടുത്തു ഭാഗവത പാരായണം ഗ്രഹിച്ചും നാമ ജപ പൂജാദികളിൽ സംബന്ധിച്ചും വിവിധ സേവന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടും യജ്ഞാനടത്തിപ്പിനു ഉദാരമായി സംഭാവന നൽകിയും ശ്രീ ഗുരുവായൂരപ്പന്റെ അനുഗ്രഹത്തിന് പാത്രീഭൂതരാകാനുമുള്ള ഈ അസുലഭ അവസരം പ്രയോജനപ്പെടുത്തണമെന്ന് സ്നേഹപൂർവ്വം സവിനയം അറിയിക്കുന്നു.

## ഇന്ത്യൻ ഫാർമ ഭീമന്മാർ യുഎസിലെ മരുന്നുകൾ തിരിച്ചുവിളിക്കും

– പി പി ചെറിയാൻ

വാഷിംഗ്ടൺ, ഡിസി: ഗുണനിലവാരത്തിലെ പിഴവുകൾ, ഇന്ത്യൻ ഫാർമ ഭീമന്മാർ യുഎസിലെ മരുന്നുകൾ തിരിച്ചുവിളിക്കും. ഗ്ലെൻമാർക്ക്, ഗ്രാനുൽസ് ഇന്ത്യ, സൺ ഫാർമ, സൈഡസ്, യൂണികെം എന്നിവയുൾപ്പെടെ നിരവധി ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ കമ്പനികൾ യുഎസ് ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ (എഫ്ഡിഎ) പ്രകാരം യുഎസ് വിപണിയിൽ നിന്ന് മരുന്നുകൾ തിരിച്ചുവിളിക്കും.

റെഗുലേറ്ററുടെ ഏറ്റവും പുതിയ എൻഫോഴ്സ്മെന്റ് റിപ്പോർട്ട് അനുസരിച്ച്, നിർമ്മാണ പ്രശ്നങ്ങൾ, മാലിന്യങ്ങൾ, ലേബലിംഗ് പിശകുകൾ എന്നിവയുമായി ബന്ധപ്പെട്ടതാണ് തിരിച്ചുവിളികൾ .

ഗ്ലെൻമാർക്ക് ഫാർമസ്യൂട്ടിക്കൽസ് അതിന്റെ ഗോവ പ്ലാന്റിൽ ഉൽപാദിപ്പിക്കുന്ന അസെലൈക് ആസിഡ് ജെല്ലിന്റെ 13,824 ട്യൂബുകൾ തിരിച്ചുവിളിക്കുന്നു, കാരണം വ്യത്തികെട്ട ഘടനയുണ്ടെന്ന പരാതികൾ കാരണം. കമ്പനിയുടെ യുഎസ് വിഭാഗം സെപ്റ്റംബർ 17 ന് രാജ്യവ്യാപകമായി ക്ലാസ് രണ്ട് തിരിച്ചുവിളിക്കൽ ആരംഭിച്ചു. ഒരു ഉൽപ്പന്നത്തിന്റെ ഉപയോഗം താൽക്കാലികമോ തിരിച്ചെടുക്കാവുന്നതോ ആയ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായേക്കാവുന്ന സാഹചര്യത്തിലാണ് ഇത്തരം തിരിച്ചുവിളികൾ നടത്തുന്നത്. എന്നിരുന്നാലും ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത കുറവാണെന്ന് കണക്കാക്കപ്പെടുന്നു.

അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്റ്റിവിറ്റി ഡിസോർഡർ (എഡിഎച്ച്ഡി) യ്ക്ക് ഉപയോഗിക്കുന്ന കോമ്പിനേഷൻ മരുന്നിന്റെ 49,000ത്തിലധികം കുപ്പികൾ ഗ്രാനുൽസ് ഇന്ത്യയും തിരിച്ചുവിളിക്കുന്നു. ഉൽപ്പന്നം അശുദ്ധിയും ഡീഗ്രഡേഷൻ പരിശോധനകളിൽ പരാജയപ്പെട്ടതിനെത്തുടർന്ന് ഓഗസ്റ്റ് 28ന് യുഎസ് വിഭാഗം തിരിച്ചുവിളിക്കൽ ആരംഭിച്ചു. ഇതൊരു ക്ലാസ് ത്രീ തിരിച്ചുവിളിക്കൽ ആണ്, അതായത് ഉൽപ്പന്നം ദോഷം വരുത്താൻ സാധ്യതയില്ല.

ഡിസൊല്യൂഷൻ പരിശോധനകളിൽ പരാജയപ്പെട്ടതിനെത്തുടർന്ന് സൺ ഫാർമയുടെ യുഎസ് അനുബന്ധ സ്ഥാപനം ഒരു റീനൽ ഇമേജിംഗ് ഏജന്റിന്റെ 1,870 കിറ്റുകൾ തിരിച്ചുവിളിച്ചു. ഈ ക്ലാസ് രണ്ട് തിരിച്ചുവിളിക്കൽ സെപ്റ്റംബർ 3ന് പ്രഖ്യാപിച്ചു.

അതുപോലെ, അഹമ്മദാബാദ് ആസ്ഥാനമായുള്ള സൈഡസിന്റെ ഭാഗമായ സൈഡസ് ഫാർമസ്യൂട്ടിക്കൽസ് (യുഎസ്എ) ഇൻകോർപ്പറേറ്റഡ്, അശുദ്ധിയും ഡീഗ്രഡേഷൻ ആശങ്കകളും കാരണം 8,784 കുപ്പി ആൻറിവൈറൽ മരുന്ന് എന്റകാവിർ ടാബ്ലെറ്റുകൾ തിരിച്ചുവിളിക്കുന്നു. ക്ലാസ് രണ്ട് എന്നും തരംതിരിച്ചിരിക്കുന്ന ഈ തിരിച്ചുവിളിക്കൽ സെപ്റ്റംബർ 4ന് ആരംഭിച്ചു.

ലേബൽ ആശയക്കുഴപ്പം കാരണം യൂണിഷെം ഫാർമസ്യൂട്ടിക്കൽസ് യുഎസ്എ ഇൻകോർപ്പറേറ്റഡ് 230 കുപ്പി മരുന്നുകൾക്ക് ക്ലാസ് വൺ തിരിച്ചുവിളിക്കൽ പുറപ്പെടുവിച്ചു. ഈസ്റ്റ് ബ്രൺസ്വിക്ക് ആസ്ഥാനമായുള്ള കമ്പനി ഓഗസ്റ്റ് 27ന് തിരിച്ചുവിളിക്കൽ ആരംഭിച്ചു. ക്ലാസ് വൺ തിരിച്ചുവിളിക്കൽ ഏറ്റവും ഗുരുതരമായി കണക്കാക്കപ്പെടുന്നു, കാരണം രോഗികൾ തെറ്റായ മരുന്ന് കഴിച്ചാൽ അത് കാര്യമായ ആരോഗ്യ അപകടങ്ങൾക്ക് കാരണമാകും

### 15 October - World Students' Day

World Students' Day is observed on 15 October annually to mark the birth anniversary of A.P.J. Abdul Kalam. This day honours and pays respect to him and his efforts in the field of science and technology and also the role of the teacher that he played throughout his scientific and political careers.

### 16 October - World Food Day

World Food Day is celebrated every year on 16 October to inspire people about healthy diets. On this day Food and Agriculture Organisation was established and launched by the United Nations in 1945.

## ട്രംപിന്റെ സ്വയം വിരമിക്കൽ പദ്ധതി: ഒറ്റദിവസം സർക്കാർ സർവീസിൽ നിന്ന് രാജിവയ്ക്കുന്നത് ഒരുലക്ഷം പേർ

ഷിംഗ്ടൺ: ട്രംപിന്റെ സ്വയം വിരമിക്കൽ പദ്ധതി അനുസരിച്ച് അമേരിക്കയിൽ നാളെ ഒറ്റദിവസം സർക്കാർ സർവീസിൽ നിന്ന് രാജിവയ്ക്കുന്നത് ഒരുലക്ഷം പേർ.

രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം അമേരിക്കയിൽ ആദ്യമായാണ് ഒറ്റദിവസം ഇത്രയും പേർ ഫെഡറൽ സർവീസിൽ നിന്ന് രാജിവയ്ക്കുന്നത്. പദ്ധതിപ്രകാരം ആകെ രാജിവയ്ക്കുന്നത് 2.75 ലക്ഷം പേരാണ്. ഇവരെ തുടക്കത്തിൽ 8 മാസത്തെ ലീവിലേക്കാണ് പറഞ്ഞുവിടുക. ഈ 8 മാസവും ശമ്പളം ലഭിക്കും. വിരമിക്കൽ ആനുകൂല്യമായി മൊത്തം 14.8 ബില്യൻ ഡോളറിന്റെ (1.30 ലക്ഷം കോടി രൂപ) ഭീമമായ ചെലവ് ട്രംപ് ഭരണകൂടം നേരിടും. എന്നാൽ, ഇത്രയും പേർ രാജിവയ്ക്കുന്നതു വഴി പ്രതിവർഷം 28 ബില്യൻ ഡോളർ (2.5 ലക്ഷം കോടി രൂപ) ഗവൺമെന്റിന് ലാഭിക്കാനാകുമെന്നാണ് വൈറ്റ്ഹൗസിന്റെ വിലയിരുത്തൽ.

സ്വയം വിരമിക്കൽ പദ്ധതിക്ക് (വിആർഎസ്) സമാനമാണ് ട്രംപ് ഭരണകൂടം നിലവിൽ പ്രഖ്യാപിച്ചിരിക്കുന്ന ഡിഫറഡ് റെസിഗ്നേഷൻ ഓഫർ. ഇതു അംഗീകരിച്ചാണ് 2.75 ലക്ഷം പേർ പടിയിറങ്ങുന്നതും. അതേസമയം, പലരെയും നിർബന്ധിച്ച് പദ്ധതിയിൽ ചേർക്കുകയുമായിരുന്നു.

16 October: World Anaesthesia Day

World Anaesthesia Day is celebrated on October 16 to mark the first successful demonstration of diethyl ether anaesthesia in 1846.

16 October: Boss Day

National Boss Day or Boss's Day is celebrated on 16 October to appreciate the work of their employers. The day also acknowledges the hard work, dedication, and challenges faced by the managers or superiors in an organisation.

## അപ്പർ വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ ഓണാഘോഷം നടന്നു

**– സുനിൽ മഞ്ഞിനിക്കര**

ന്യൂയോർക്ക്: അപ്പർ വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ ഓണാഘോഷം യോർക്ക്ടൗൺ ഹൈറ്റ്സ് സെയിന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഓഡിറ്റോറിയത്തിൽ 4ന് നടന്നു.

2014ൽ ആരംഭിച്ച അപ്പർ വെസ്റ്റ്ചെസ്റ്റർ മേഖലയിലുള്ള മലയാളികളുടെ ഈ കൂട്ടായ്മ പിക്നിക്കും ഓണാഘോഷങ്ങളും പതിവായി നടത്തിവന്നിരുന്നു. ഈ വർഷം, നോൺ പ്രോഫിറ്റ് ഓർഗനൈസഷൻ ആയി രജിസ്റ്റർ ചെയ്തു പ്രവർത്തനങ്ങൾ വിപുലപ്പെടുത്താൻ തീരുമാനിക്കുകയും അപ്പർ വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻ ഇൻക് എന്ന പേര് സ്വീകരിച്ച് ന്യൂയോർക്ക് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിൽ രജിസ്റ്റർ ചെയ്യുകയും ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

പ്രസിഡന്റ് ജോജി കാവനാൽ, വൈസ് പ്രസിഡന്റ് സജി പീച്ചാട്ട്, സെക്രട്ടറി ചെറിയാൻ പൂപ്പള്ളി, ജോയിന്റ് സെക്രട്ടറി രഞ്ജിൻ രവീന്ദ്രൻ, ട്രഷറർ ബിജു കരുണാകരൻ, ജോയിന്റ് ട്രഷറർ സാജു പീച്ചാട്ട് എന്നിവരെയും, കമ്മിറ്റി അംഗങ്ങളായി വിത്സൺ മത്തായി, ജിബി തോമസ്, ആന്റണി ആലപ്പാട്ട്, ജോബി ചക്കാലക്കൽ, ലാജൻ ജോസ്, ഷിനു ജോസഫ്, സിബിൽ തോമസ് എന്നിവരെയും, അഡ്വ. ഗീവർഗീസ് തങ്കച്ചൻ ലീഗൽ അഡ്വൈസർ ആയും, സുനിൽ കോശി പബ്ലിക് റിലേഷൻ ഓഫീസർ ആയും തിരഞ്ഞെടുക്കപ്പെട്ടു.

ഇന്ത്യൻ, അമേരിക്കൻ ദേശീയ ഗാനാലാപലനത്തിനു ശേഷം പുതിയ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. പ്രസിഡന്റ് ജോജി കാവനാൽ ഏവർക്കും സ്വാഗതം ആശംസിച്ചു.

ഓണാഘോഷത്തിൽ കൗണ്ടി ലെജിസ്ലേറ്റീവ് വേദത്ത് ഗാഷി മുഖ്യാഥിതിയായിരുന്നു. ഏഷ്യാനെറ്റ് ന്യൂസ് അമേരിക്കൻ റീജിയൻ ഡയറക്ടർ ഡോ. കൃഷ്ണ കിഷോർ ഓണസന്ദേശം നൽകി.

തുടർന്ന് നടന്ന കലാപരിപാടിയിൽ അപ്പർ വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ അംഗങ്ങൾ അവതരിപ്പിച്ച തിരുവാതിരയും, ലിസ ജോസഫിന്റെ നേതൃത്വത്തിലുള്ള നാട്യമുദ്ര സ്കൂൾ ഓഫ് ഡാൻസിന്റെ ഈഷന മുല്ലപ്പള്ളി, സരിഷ ശങ്കര നാരായണൻ എന്നിവർ അവതരിപ്പിച്ച സെമി ക്ലാസിക്കൽ ഡാൻസും, അനിഹ ഷാ അവതരിപ്പിച്ച ഭരതനാട്യവും ഏറെ ശ്രദ്ധേയമായി. തിരുവോണ ഓർമകൾ ഉണർത്തി അതിമനോഹരമായി തസീൻ ആലപിച്ച ഗാനങ്ങൾ ഓണാഘോഷം ഏറ്റവും ഹൃദ്യമാക്കി. മാസ്റ്റർ ഓഫ് സെറിമണിയായി സമീറാ കാവൽ പ്രോഗ്രാം നിയന്ത്രിച്ചു.

സെക്രട്ടറി ചെറിയാൻ പൂപ്പള്ളിയുടെ ഹൃദ്യമായ നന്ദിപ്രമേയത്തിൽ എത്തിച്ചേർന്ന വിശിഷ്ടാതിഥികൾക്കും, തൂശനിലയിൽ വിളമ്പിയ വിഭവസമൃദ്ധവും ആസ്വാദ്യകരവുമായ ഓണസദ്യ ഒരുക്കിയ വൈറ്റ്പ്ലെയിൻസിലെ ഇന്ത്യാ കഫേയ്ക്കും, സൗണ്ട് സിസ്റ്റം ചെയ്ത മനോജ്, ഫോട്ടോഗ്രാഫർ മാർട്ടിൻ, ഹാൾ അനുവദിച്ച ചർച്ച് ഭാരവാഹികൾക്കും പ്രത്യേകം നന്ദി പറഞ്ഞു.

## ഗാന്ധി ജയന്തിക്ക് ആദരാഞ്ജലികൾ അർപ്പിച്ച് അംബാസഡർ ക്വാട്ര



**– പി പി ചെറിയാൻ**

വാഷിംഗ്ടൺ ഡിസി: രാഷ്ട്രപിതാവിന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് ഒക്ടോബർ 2ന് അംബാസഡർ വിനയ് ക്വാട്ര, എംബസി ഉദ്യോഗസ്ഥരോടൊപ്പം മഹാത്മാഗാന്ധിക്ക് പുഷ്പാർച്ചന നടത്തി.

സെപ്റ്റംബർ 30ന് നടന്ന ഒരു പ്രത്യേക പരിപാടിയെത്തുടർന്ന് ഔപചാരിക ആദരാഞ്ജലി അർപ്പിച്ചു, ഗാന്ധിയുടെ ശാശ്വത പാരമ്പര്യത്തെയും ഇന്ത്യയിലെ പ്രവാസികളായ വിദ്യാർത്ഥികളെയും, പ്രൊഫഷണലുകളെയും, സുഹൃത്തുക്കളെയും ആദരിച്ചു.

മേരിലാൻഡിലെ ബെഥെസ്ഡയിലുള്ള ഗാന്ധി മെമ്മോറിയൽ സെന്ററിന്റെ ഡയറക്ടർ ശ്രീമതി കരുണയുടെ പ്രസംഗം ആഘോഷത്തിൽ ഉണ്ടായിരുന്നു. 'ഗാന്ധിയുടെ ജീവിതവും സന്ദേശവും' എന്ന തലക്കെട്ടിലുള്ള അവരുടെ പ്രസംഗത്തിൽ അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്നുള്ള സംഭവങ്ങൾ, അദ്ദേഹത്തിന്റെ പ്രധാന പ്രചോദനങ്ങൾ, ആഗോള സമാധാനത്തിനായുള്ള അദ്ദേഹത്തിന്റെ ദർശനം എന്നിവ ഉൾപ്പെടുത്തിയിരുന്നു.

ഭിന്നശേഷിക്കാരായ യുവ ഇന്ത്യൻ കലാകാരന്മാരായ അനുഷ മഞ്ജുനാഥും വസുന്ധര റാതുരിയും നടത്തിയ സംഗീത പ്രകടനങ്ങളോടെയാണ് പരിപാടി അവസാനിച്ചത്. ഗാന്ധിജിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഭജനകളും ഗാനങ്ങളും അവർ ആലപിച്ചു

## ഇന്ത്യൻ എംബസിയുടെ നേതൃത്വത്തിൽ ഫിൻലൻഡിൽ ഗാന്ധി ജയന്തി ആഘോഷിച്ചു



ഹെൽസിങ്കി: ഇന്ത്യൻ എംബസിയുടെ നേതൃത്വത്തിൽ ഫിൻലൻഡിൽ മഹാത്മജിയുടെ 156-ാം ജന്മദിനം ആഘോഷിച്ചു. ഇന്ത്യൻ അംബാസഡർ ഹേമന്ത് കൊട്ടേൽവാർ ഗാന്ധി സ്മരണ പങ്കുവച്ചു.

ഫിൻലൻഡിലെ സിസുഎന്ന ആശയത്തെ അംബാസഡർ തന്റെ പ്രസംഗത്തിൽ, ഗാന്ധിജിയുടെ ആദർശങ്ങളുമായി താരതമ്യം ചെയ്തു. ഗുജറാത്തി സമാജത്തിനോടൊപ്പം എംബസി ഉദ്യോഗസ്ഥരും നഗരസഭയുടെ പ്രതിനിധികളും മറ്റു ഇന്ത്യൻ അസോസിയേഷനുകളും മഹാത്മജിയെ സ്മരിച്ചുകൊണ്ടു പുഷ്പാർച്ചന നടത്തി. ഗാന്ധിജിക്കു പ്രിയപ്പെട്ട ഗാനങ്ങൾ ആലപിച്ചുകൊണ്ട് അന്തരീക്ഷത്തിനു സഹിഷ്ണുതയുടെയും സംഭാവനയുടെയും സന്ദേശമേകി.

2019 ലാണ് ഫിൻലൻഡിൽ ഗാന്ധി പ്രതിമ സ്ഥാപിതമായത്. ഇന്ത്യൻ വിദേശകാര്യ മന്ത്രി എസ് ജയശങ്കറും ഫിൻലൻഡ് വിദേശകാര്യ മന്ത്രി പെക്ക ഹാവിസ്തോയുമാണ് ഗാന്ധി പ്രതിമ അനാവരണം ചെയ്തത്. ഹെൽസിങ്കിയിലെ ഹമീൻതിയിലെ പാർക്കിലാണ് ഇന്ത്യക്കാർക്ക് അഭിമാനമായി ഗാന്ധി പ്രതിമ നിലകൊള്ളുന്നത്. ഈ ഗാന്ധി പ്രതിമയ്ക്ക് സമീപമാണ് ഗാന്ധി ജയന്തി ആഘോഷങ്ങൾ സംഘടിപ്പിക്കാറുള്ളത്. ലോക കേരള സഭ പ്രതിനിധികളും മലയാളി അസോസിയേഷൻ ബോർഡ് അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു.



അപ്പർ വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ ഓണാഘോഷത്തിൽ നിന്നും

# വേൾഡ് മലയാളി കൗൺസിൽ വാൻകൂവർ പ്രൊവിൻസിന് തുടക്കമായി




വാൻകൂവർ: ലോകമെമ്പാടുമുള്ള മലയാളി പ്രവാസികളെ ഒരുമിപ്പിച്ച് നിർത്താൻ ലക്ഷ്യമിടുന്ന വേൾഡ് മലയാളി കൗൺസിലിന്റെ പുതിയ പ്രൊവിൻസ് കാനഡയിലെ വാൻകൂവറിൽ നിലവിൽ വന്നു. മലയാളി സമൂഹത്തിന്റെ സാംസ്കാരികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്കായി പുതിയ പ്രൊവിൻസ് സമിതി ചുമതലയേറ്റു. വാൻകൂവർ പ്രൊവിൻസിന്റെ നേതൃത്വത്തിൽ പരിചയസമ്പന്നരും യുവത്വത്തിന്റെ ഊർജ്ജസ്വലതയുമുള്ള ഒരു കൂട്ടം വ്യക്തിത്വങ്ങളാണ് അണിനിരന്നിരിക്കുന്നത്.

പുതിയ പ്രൊവിൻസ് സമിതിയിൽ ആനി ഫിലിപ്പ് ചെയർപേഴ്സണായും, ലിറ്റി ജോർജ് പ്രസിഡന്റായും ഉല്ലാസ് മാത്യു സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു.

ചെയർപേഴ്സൺ ആനി ഫിലിപ്പ്, പ്രസിഡന്റ് ലിറ്റി ജോർജ്, സെക്രട്ടറി ഉല്ലാസ് മാത്യു, ട്രഷറർ സുനിൽ തോമസ്, ജോയിന്റ് സെക്രട്ടറി പ്രിസ്കില്ല ഉമ്മൻ, ജോയിന്റ് ട്രഷറർ റോഷിൻ റോയ്, വൈസ് പ്രസിഡന്റ് (ഓർഗ്.) ജോജോ കുര്യൻ, വൈസ് ചെയർപേഴ്സൺ ജെയിംസ് തെക്കേക്കര, വൈസ് പ്രസിഡന്റ് (അഡ്മിൻ)ആൽബിൻ ജോർജ്, വനിതാ ഫോറം ചെയർപേഴ്സൺ തങ്കമണി വിശ്വനാഥ്, യുവജന ഫോറം ചെയർപേഴ്സൺ അനൂപ് രാജശേഖരൻ, ടെക്/ഐടി ചെയർപേഴ്സൺ സനൽ ജോൺ, ബിസിനസ് ചെയർപേഴ്സൺ ജോർജ് വർഗ്ഗീസ്, ചാരിറ്റി ചെയർപേഴ്സൺ നീന ചെറിയാൻ, കൾച്ചറൽ ഫോറം ചെയർപേഴ്സൺ സജ്ന കരീം എന്നിവരാണ് ഭാരവാഹികൾ.

16 October: World Spine Day

It is observed on 16 October to highlight the burden of spinal pain and disability around the world.

17 October - International Day for the Eradication of Poverty

International Day for the Eradication of Poverty is observed on 17 October every year. This day marks the adoption of the Convention on the Rights of the Child (UNCRC) on 20 November 1989.

18 October - Dhanteras

Dhanteras 2025 will be celebrated on 18 October. This day marks the beginning of the Diwali festivities. It is a day dedicated to honouring Lord Kuber and Lord Dhanvantari and is traditionally associated with buying new items, especially gold and silver, to bring prosperity and good fortune into the home.

# മതബോധനദിനം ആഘോഷിച്ച് ഡാളസ്സ് ക്രിസ്തുരാജ വിശ്വാസപരിശീലന വിഭാഗം

**– സിജോയ് പറപ്പള്ളിൽ**

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവക ദൈവാലയത്തിലെ വിശ്വാസ പരിശീലന വിഭാഗത്തിന്റെ നേതൃത്വത്തിൽ മതബോധനദിനം പ്രത്യേകമായി ആഘോഷിച്ചു. ഇതിന്റെ ഭാഗമായി വിശ്വാസ പരിശീലന അദ്ധ്യാപകരുടെ കാഴ്ച സമർപ്പണം നടത്തപ്പെട്ടു.

തുടർന്ന് അർപ്പിക്കപ്പെട്ട വി.കുർബാനയ്ക്ക് ശേഷം അദ്ധ്യാപകരുടെ പ്രത്യേകമായ പ്രതിജ്ഞയും ആശീർവ്വാദകർമ്മവും നടത്തപ്പെട്ടു. മാലാഖമാരായ കുഞ്ഞുങ്ങളുടെ ചിറകായി മാറാനുള്ള വിളിയാണ് വിശ്വാസ പരിശീലകരുടേത് എന്ന് വികാരി ഫാ. ബിൻസ് ചേത്തലിൽ ഓർമ്മപ്പെടുത്തി. ആഘോഷങ്ങൾക്ക് വിശ്വാസപരിശീലന പ്രിൻസിപ്പൽ ജോസഫ് ഇലക്കൊടിക്കൽ നേതൃത്വം നൽകി.

# ചിക്കാഗോ സെന്റ് മേരീസ് സി.എം.എൽ യൂണിറ്റിന്റെ വാർഷിക ഉദ്ഘാടനം നടന്നു




ചിക്കാഗോ: സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ ചെറുപുഷ്പ മിഷൻ ലീഗ് യൂണിറ്റിന്റെ വാർഷിക പൊതുയോഗവും പ്രവർത്തന വർഷത്തിന്റെ ഉദ്ഘാടനവും നടന്നു. മിഷൻ ലീഗ് പ്രസിഡന്റ് അസ്രിയേൽ വാളത്താട്ട് അധ്യക്ഷനായിരുന്നു.

ക്നാനായ റീജിയണൽ വികാരി ജനറൽ ഫാ. തോമസ് മുളവനാൽ മുഖ്യാതിഥിയായിരുന്നു. ഏകദേശം 150ഓളം മിഷൻ ലീഗ് അംഗങ്ങളും ഗ്രൂപ്പ് കോർഡിനേറ്റർമാരും മതബോധന അധ്യാപകരും ഭാരവാഹികളും പങ്കെടുത്ത യോഗത്തിൽ, ഫാ. തോമസ് മുളവനാൽ പ്രവർത്തന വർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. സി.എം.എൽ യൂണിറ്റിന്റെ ജോയിന്റ് ട്രഷറർ ജാഷ് തൊട്ടുങ്കൽ യോഗത്തിന്റെ എംസി ചുമതല വഹിച്ചു. ജാഷ് തോട്ടുങ്കലിന്റെ ഹാർദ്ദവമായ സ്വാഗത പ്രസംഗത്തിനുശേഷം എലോറ മേൽക്കരപ്പുറത്ത് പ്രാർത്ഥനാഗാനം ആലപിച്ചു.

തുടർന്ന് പ്രസിഡന്റ് അസ്രിയേൽ വാളത്താട്ട് തന്റെ അധ്യക്ഷ പ്രസംഗത്തിൽ മിഷൻ ലീഗിൽ പ്രവർത്തിച്ചത് വ്യക്തിപരമായ വളർച്ചയ്ക്കും സമൂഹസേവനത്തിനും വലിയൊരു വേദിയായിരുന്നുവെന്ന് അഭിപ്രായപ്പെട്ടു. സെക്രട്ടറി ടോം പ്ലത്തനത്ത് കഴിഞ്ഞ പ്രവർത്തന വർഷത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ഡാനിയൽ വാളത്താട്ട് കണക്കുകൾ സമർപ്പിച്ചു.

# ഗ്ലാഡ്സൺ വർഗീസിന് ലീഡർഷിപ്പ് അവാർഡ്



ഷിക്കാഗോ: വിദ്യാജ്യോതി എഡ്യൂക്കേഷൻ ഫൗണ്ടേഷന്റെ 2025ലെ ലീഡർഷിപ്പ് അവാർഡ് അമേരിക്കൻ അസോസിയേഷൻ ഓഫ് എൻജിനീയേഴ്സ് ഓഫ് ഇന്ത്യൻ ഒറിജിന്റെ പ്രസിഡന്റ് ഗ്ലാഡ്സൺ വർഗീസിന് ലഭിച്ചു.

അമേരിക്കയിലും ഇന്ത്യയിലുമുള്ള രണ്ടായിരത്തിലധികം സാധുക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാജ്യോതിയിലൂടെ 2025ൽ വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ്, ഭക്ഷണം, കംപ്യൂട്ടറുകൾ എന്നിവ വിതരണം ചെയ്തു. ഇല്ലിനോയിസ് മെഡിക്കൽ അസോസിയേഷൻ പ്രസിഡന്റ് ഡോ.രാധിക ചിൻമ്മൻതാ, ഡോ. ഉമാങ്ങ് പട്ടേൽ, പവ്വർ പ്ലാന്റ് കോർപറേഷൻ സി.ഇ.ഒ ബ്രിജ് ശർമ്മ എന്നിവർക്കും ഈവർഷത്തെ ലീഡർഷിപ്പ് അവാർഡുകൾ ലഭിച്ചു. അറോറ സിറ്റി അൽഡർ വുമൻ ഷേത്താ ബെയ്ഡ് അവാർഡുകൾ വിതരണം ചെയ്തു.

ഗ്ലാഡ്സൺ വർഗീസ് ഇന്ത്യൻ എൻജിനീയേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, ജി.ഇയുടെ ഗ്ലോബൽ ഡയറക്ടർ, യു.എസ്. ടെക്നോളജീസ് പ്രസിഡന്റ്, ഗോപിയോ ചിക്കാഗോ മുൻ ചെയർമാൻ, ഫോമ മുൻ ജനറൽ സെക്രട്ടറി, മലയാളി എൻജിനീയേഴ്സ് അസോസിയേഷൻ മുൻ പ്രസിഡന്റ്, ഇന്തോ അമേരിക്കൻ ഡമോക്രാറ്റിക് ഓർഗനൈസേഷൻ മുൻ സെക്രട്ടറി, എക്യൂമെനിക്കൽ കൗൺസിൽ ഓഫ് ചർച്ചസ് ഓഫ് ഷിക്കാഗോയുടെ മുൻ സെക്രട്ടറി എന്നീ പദവികൾ വഹിച്ചിട്ടുണ്ട്.

ഇന്ത്യാനയിലുള്ള പ്രശസ്ത പെർഡ്യൂ യൂണിവേഴ്സിറ്റിയിൽ നിന്ന് മെക്കാനിക്കൽ എൻജിനീയറിംഗിൽ മാസ്റ്റേഴ്സ് ബിരുദവും, പെർഡ്യൂ യൂണിവേഴ്സിറ്റിയിൽ നിന്ന് ഓപ്പറേഷണൽ മാനേജ്മെന്റിൽ എം.ബി.എ ബിരുദവും നേടുകയുണ്ടായി. എഎഈഐ വഴി അദ്ദേഹം വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നു.



*ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവക ദൈവാലയത്തിലെ നടന്ന മതബോധന ആഘോഷത്തിൽ നിന്നും.*

# രാകേഷ്ജിയുടെ 60-ാം ജന്മദിനം ഫിലാഡൽഫിയായിൽ ആഘോഷിച്ചു



**- പി പി ചെറിയാൻ**

ഈസ്റ്റ് സ്ട്രോഡ്സ്ബർഗ് (പിഎ) ശ്രീമദ് രാജ്ചന്ദ്ര സ്പിരിചൽ സെന്റർ, യുഎസ്എ സ്ഥാപകൻ പൂജ്യ ഗുരുദേവ ശ്രീ രാകേഷ്ജിയുടെ 60-ാം ജന്മദിനത്തോടനുബന്ധിച്ച് മൂന്ന് ദിവസത്തെ ആഘോഷമായ ബ്ലിസ് ഫെസ്റ്റിവൽ സംഘടിപ്പിച്ചു. സെപ്റ്റംബർ 26 മുതൽ 28 വരെ കേന്ദ്രത്തിന്റെ കാമ്പസിൽ നടന്ന പരിപാടി, ലോകമെമ്പാടുമുള്ള ഭക്തരെയും അന്വേഷകരെയും ഭക്തി, ധ്യാനം, സേവനം, സമൂഹക്ഷേമം എന്നിവയുടെ വാരാന്ത്യത്തിനായി ഒരുമിപ്പിച്ചു.

ജന്മദിന ആദരാഞ്ജലികൾ, ഭക്തരുടെ സംഗീത സമർപ്പണം, തുടർന്ന് തടാകക്കരയിലെ ആരാധന, പ്രഭാഷണം എന്നിവയോടെ ആഘോഷങ്ങൾ ആരംഭിച്ചു. ഒരു വലിയ സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട്, മനുഷ്യജന്മവും മനുഷ്യജീവിതവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് രാകേഷ്ജി സംസാരിച്ചു. മനുഷ്യന്റെ അസ്തിത്വം 'ആനന്ദോത്സവം' ആയി രൂപാന്തരപ്പെടുമ്പോഴാണ് യഥാർത്ഥ ജീവിതം ജീവിക്കുന്നതെന്ന് വിശദീകരിച്ചു. മൂല്യവത്തായതും അല്ലാത്തതും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ അദ്ദേഹം അന്വേഷകരോട് ആഹ്വാനം ചെയ്തു. ലൗകിക കെണികൾക്കിടയിലും ആത്മീയ അവബോധം ഒരാളെ വേർപിരിയാൻ അനുവദിക്കുന്നുവെന്ന് അവരെ ഓർമ്മിപ്പിച്ചു.

ആഘോഷം ആത്മീയ സമ്പുഷ്ടീകരണത്തെയും സേവനത്തെയും ഒരുമിച്ച് കൊണ്ടുവന്നു. പ്രശസ്ത സംഗീതജ്ഞൻ സച്ചിൻ സാങ്വി ഒരു ഭക്തി പ്രകടനം നടത്തി, അതേസമയം രാകേഷ്ജി അന്വേഷകരെ ആന്തരിക സമാധാനത്തിലേക്കും വളർച്ചയിലേക്കും നയിക്കുന്ന പരിവർത്തനാത്മക പ്രഭാഷണങ്ങൾ നടത്തി. ലോകമെമ്പാടുമുള്ള വിശപ്പും പോഷകാഹാരക്കുറവും അനുഭവിക്കുന്ന സമൂഹങ്ങൾക്കായി ഒരു ലക്ഷത്തിലധികം ഭക്ഷണങ്ങൾ സന്നദ്ധപ്രവർത്തകർ കൈകൊണ്ട് പായ്ക്ക് ചെയ്തു.

സെപ്റ്റംബർ 27 ന്, സെന്റ് ലൂക്ക്സ് യൂണിവേഴ്സിറ്റി ഹെൽത്ത് നെറ്റ്വർക്കുമായി സഹകരിച്ച് ശ്രീമദ് രാജ്ചന്ദ്ര ലവ് ആന്റ് കെയർ യുഎസ്എ, പോക്കോണോസ് ഹെൽത്ത് ആൻഡ് വെൽനസ് ഫെസ്റ്റിന് ആതിഥേയത്വം വഹിച്ചു. പോക്കോണോ പർവതനിരകളിലെ അടിയന്തര ആരോഗ്യ സംരക്ഷണ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി 250ലധികം തദ്ദേശവാസികൾക്ക് സൗജന്യ സ്ക്രീനിംഗുകൾ, വെൽനസ് വർക്ക്ഷോപ്പുകൾ, ലൈസൻസുള്ള മെഡിക്കൽ പ്രൊഫഷണലുകളുമായുള്ള കൂടിയാലോചനകൾ എന്നിവയിൽ നിന്ന് പ്രയോജനം ലഭിച്ചു.

ദൗത്യത്തിന്റെ കേന്ദ്രബിന്ദുവായ നിസ്വാർത്ഥ സേവനത്തിന്റെ ആത്മാവിനെ കൃതജ്ഞതാ പ്രകടനങ്ങൾ ഉയർത്തിക്കാട്ടി, ഉത്സവം ഒരു വികാരഭരിതമായ ദീക്ഷാ ചടങ്ങിൽ കലാശിച്ചു. അതിൽ രാകേഷ്ജി മൂന്ന് അന്വേഷകരെ ആത്മാർപിറ്റ് ദീക്ഷയിലേക്ക് നയിച്ചു, മറ്റുള്ളവരെ അവരുടെ ആത്മീയ പ്രതിബദ്ധത വർദ്ധിപ്പിക്കാൻ പ്രചോദിപ്പിച്ചു.

ആനന്ദോത്സവം രാകേഷ്ജിയുടെ നാഴികക്കല്ലിനെ അനുസ്മരിക്കുക മാത്രമല്ല, ആത്മീയത, ക്ഷേമം, കാരുണ്യം എന്നിവ സമൂഹജീവിതത്തിൽ സമന്വയിപ്പിക്കുക എന്ന കേന്ദ്രത്തിന്റെ ദൗത്യത്തെ വീണ്ടും ഉറപ്പിക്കുകയും ചെയ്തു.

20 October - World Statistics Day

World Statistics Day is celebrated on October 20. The first such day was observed on October 20, 2010. This year the world witnessed the third World Statistics Day. The day was created by the United Nations Statistical Commission to acknowledge the importance of data authenticity and credibility across the globe.

21 October - Police Commemoration Day

The day is observed on October 21 to honour police officials who have made the supreme sacrifice in the line of duty.

21 October - Diwali

Diwali, the festival of lights, symbolizes the triumph of good over evil, bringing hope, joy, and prosperity to homes everywhere. As the diyas glow bright, may your life be filled with happiness, love, and success. This year, Diwali will be celebrated on 21st October.

# സീറോ മലബാർ മിസ്സിസ്സാഗാ രൂപതയുടെ പത്താം വർഷത്തോടനുബന്ധിച്ചു നടത്തിയ സർഗസന്ധ്യ ശ്രദ്ധേയമായി




**- ഷിബു കിഴക്കേകുറ്റ്**

മിസ്സിസ്സാഗാ രൂപതയുടെ പത്താം വർഷത്തിനോട് അനുബന്ധിച്ച് നടത്തിയ സർഗസന്ധ്യ 2025 ഗംഭീര വിജയമെന്നു മിസ്സിസാഗാ രൂപത അധ്യക്ഷൻ മാർ ജോസ് കല്ലുവേലിൽ അറിയിച്ചു. സെപ്റ്റംബർ 13നു ണവശയ്യേകാനഡ ഇവന്റ് സെന്ററിൽ നടന്ന പരിപാടിയിൽ ആയിരത്തി അഞ്ഞൂറിൽ പരം ആളുകൾ പങ്കെടുത്തു. സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ മുഖ്യ അതിഥിയായി പരിപാടിയിൽ പങ്കെടുത്തു.

വിശുദ്ധ കുർബാനയെ ആസ്പദമാക്കി നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ മലയാളം ബിബ്ലിക്കൽ മ്യൂസിക്കൽ ഡ്രാമ എറ്റെർനിറ്റി, നൂറ്റമ്പതിൽപരം കലാകാരൻമാർ ചേർന്ന് അവതരിപ്പിച്ചു. അതുപോലെ തന്നെ യുവജനങ്ങൾ അണിയിച്ചൊരുക്കിയ ബ്യൂട്ടി ആൻഡ് ദി ബീസ്ട് കഥയെ ആസ്പദമാക്കിയുള്ള റിഡെംപ്ഷൻ എന്ന മ്യൂസിക്കൽ ഡ്രാമ കാണികളുടെ ഹൃദയം കവർന്നു.

മിസ്സിസ്സാഗാ രൂപത അധ്യക്ഷൻ ജോസ് പിതാവിന്റെ രചനയിലും പ്രശസ്ത സംഗീതജ്ഞൻ കാർത്തിക് മാസ്റ്ററിന്റെ സംഗീതത്തിൽ നിന്നും ഉരുവായ ഒന്നിച്ചൊന്നായി ഉണരാംഎന്ന മിസ്സിസ്സാഗ രൂപതയുടെ മിവേലാ വിവിധ ഇടവകയിൽനിന്നും അമ്പതോളം ഗായകർ ചേർന്ന് ആലപിച്ചപ്പോൾ പരിപാടിക്ക് ഗംഭീര തുടക്കം കുറിച്ചു.

പരിപാടിയുടെ മെഗാ സ്പോൺസർ ജിബി ജോൺ, പ്ലാറ്റിനം സ്പോൺസർ ഡോക്ടർ സണ്ണി ആൻഡ് ത്രേസിയാമ്മ ജോൺസൻ ഗോൾഡ് സ്പോന്സർസ്, സിൽവർ സ്പോന്സർസ് സൂപ്പർ പാക് (പാസ്ട്രോൾ ആക്ഷൻ കൗൺസിൽ) എന്നിവരെ ആദരിച്ചു.

ജിമ്മി വർഗീസ്, ആൻജെല ജെയിംസ് എന്നിവരുടെ നേതൃത്വത്തിൽ റിയ മാത്യു സംവിധാനം ചെയ്ത റിഡെംപ്ഷനും, തോമസ് വർഗീസിന്റെ നേതൃത്വത്തിൽ ബിജു തയൽച്ചിറ സംവിധാനം ചെയ്ത ഏറ്റെർനിറ്റിയും മികച്ച പ്രകടനം കാഴ്ചവച്ചു.

സീറോ മലബാർ സഭയുടെ വ്യക്തിത്വം പ്രദർശിപ്പിയ്ക്കുന്നതിനൊപ്പം ദിവ്യകാരുണ്യ ആത്മീയത പ്രചരിപ്പിക്കുക, പ്രാദേശിക പ്രതിഭകൾക്ക് അവസരം കൊടുക്കുക, രൂപതയുടെ അജപാലന ശുശ്രൂഷയെ ശക്തിപ്പെടുത്തുക എന്നിവയും സർഗസന്ധ്യ 2025 കൊണ്ട് സാധിച്ചു

ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എക്സിക്യൂട്ടീവ് ടീം അംഗങ്ങളായ ജോഷി കൂട്ടുമ്മേൽ (ഇവെൻറ്റ് ഡേ മാനേജ്മെന്റ്), വിൻസെന്റ് പാപ്പച്ചൻ (മീഡിയ), സന്തോഷ് ജേക്കബ് (സ്പോൺസർഷിപ്), സുഭാഷ് ലൂക്കോസ് (ടിക്കറ്റിങ്), സന്തോഷ് മാത്യു ആൻഡ് ജോൺ ചേന്നോത് (ഫിനാൻസ്)

അതുപോലെ തന്നെ സ്നേഹബഹുപണപ്പെട്ട ഫാ.പത്രോസ് ചമ്പക്കര (കോ പാട്രോൺ), ഫാ. ഫാ. ജേക്കബ് എടക്കളത്തൂർ (കോ പാട്രോൺ), അഗസ്റ്റിൻ കല്ലുങ്കത്തറയിൽ (ലീഡ് ചെയർ), ഫാ.ജോജോ ചങ്ങന്നംതുണ്ടത്തിൽ (ഫിനാൻസ്), ഫാ.ടെൻസൺ താണിക്കൽ (ഒസ്വാ പാരിഷ്), ഫാ.ബൈജു ചാക്കേരി (സ്കാർബ്രോ പാരിഷ്), ഫാ. ഷിജോ (ഹാമിൽടൺ പാരിഷ്), ഫാ. ബെന്നി താനിനിൽക്കുംതടത്തിൽ (ഒട്ടാവ പാരിഷ്), ഫാ. ജിജിമോൻ മാളിയേക്കൽ ആൻഡ് ഫാ. ഹരോൾഡ് ജോസ് അവരുടെ അജപാലന നേതൃത്വത്തിനും പ്രോത്സാഹനത്തിനും പരിപാടിയുടെ ജനറൽ കൺവീനർ ജോളി ജോസഫ് നന്ദി പറഞ്ഞു.

# ന്യൂ യോർക്ക് അപ്പ്സ്റ്റേറ്റ് റീജിയണൽ കൺവെൻഷനിൽ ഫാദർ ഡേവിസ് ചിറമേൽ മുഖ്യ അതിഥി

**- ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂ യോർക്ക് : ന്യൂ യോർക്ക് അപ്പ്സ്റ്റേറ്റ് റീജിയണൽ കൺവെൻഷൻ 2025 ഒക്ടോബർ 25, ശനിയാഴ്ച റോക്കലാൻഡ് കൗണ്ടിയിലെ ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ വിവിധ പരിപാടികളോട് നടക്കും. ഫാദർ ഡേവിസ് ചിറമേൽ പങ്കെടുക്കും.

ഫൊക്കാന റീജിണൽ കൺവെൻഷനോട് അനുബന്ധിച്ചു ഫുഡ് ഫെസ്റ്റിവൽ, യൂത്ത് ഫെസ്റ്റിവൽ, സ്പെല്ലിങ് ബീ കോംപറ്റീഷൻ, ചിട്ടുകളി മത്സരം, ഫൊക്കാന കിക്ക് ഓഫ് തുടങ്ങിയ നിരവധി പരിപാടികളോട് ആണ് റീജണൽ കൺവെൻഷൻ ചിട്ടപ്പെടുത്തിയിട്ടുള്ളത്. വൈകിട്ട് നടക്കുന്ന പൊതുസമ്മേളനത്തിൽ ഫാദർ ഡേവിസ് ചിറമേൽ മുഖ്യഅതിഥിയായി പങ്കെടുക്കുന്നതാണ്. വളരെ സരസമായി തൃശ്ശൂർ ശൈലിയിൽ സംസാരിക്കുന്ന അച്ചന്റെ പ്രസംഗങ്ങൾക്ക് ആരാധകർ ഏറെയാണ്.

സാമൂഹികസേവനപ്രവർത്തനങ്ങൾ കൊണ്ട് പ്രശസ്തനായ അദ്ദേഹം കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ എന്ന അവയവദാനവുമായി ബന്ധപ്പെട്ട സന്നദ്ധസംഘടനയുടെ സ്ഥാപകനും ചെയർമാനുമാണ്. സ്വന്തം കിഡ്നി ദാനം നൽകിയാണ് അദ്ദേഹം ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്.

മനുഷ്യർക്ക് ഹൃദയത്തിൽ നിറയെ അലിവുണ്ടാവണമെന്നും നമ്മളെ കൊണ്ട് മറ്റുള്ളവർക്ക് എന്തു ഗുണം കിട്ടുമെന്ന് ഓരോരുത്തരും ചിന്തിക്കുകയും പ്രവർത്തിക്കുകയും വേണമെന്നും അങ്ങനെയുള്ള മനുഷ്യരിൽ ദൈവത്തിന്റെ കടാക്ഷം ഉണ്ടകുമെന്നും അദ്ദേഹം എപ്പോഴും പറയാറുണ്ട്. അതുതന്നെയാണ് ഫാദർ ഡേവിസ് ചിറമേൽ തന്റെ പ്രവർത്തികളിലൂടെ ലോകത്തിന് കാട്ടുന്നതും. പലരുടെയും മുന്നിൽ അദ്ദേഹം പല രൂപത്തിൽ ദൈവത്തിന്റെ പ്രതീകമായി സഹായവുമായി ഏത്താറുണ്ട്. ദൈവം ചെയ്യേണ്ടുന്ന കർമ്മങ്ങൾ തന്നയാണ് അദ്ദേഹം സമൂഹത്തിനു ചെയ്യുന്നത്.

നവംബർ 25 ശനിയാഴ്ച നടക്കുന്ന റീജണൽ കൺവെൻഷനിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നതായി റീജണൽ വൈസ് പ്രസിഡന്റ് ആന്റോ വർക്കി, റീജണൽ കോർഡിനേറ്റർ ഷീല ജോസഫ്, റീജണൽ സെക്രട്ടറി അഭിലാഷ് പുളിക്കത്തൊടി, റീജണൽ ട്രഷറർ ഷൈമി ജേക്കബ്, റീജണൽ ജോയിന്റ് സെക്രട്ടറി സാജൻ മാത്യു, റീജിയണൽ സ്പോർട്സ് കോർഡിനേറ്റർ ലിജോ ജോൺ, യൂത്ത് ഫെസ്റ്റിവൽ കോർഡിനേറ്റർ റോയി ആന്റണി, റീജണൽ വിമെൻസ് ഫോറം റീജണൽ കോർഡിനേറ്റർ ഷൈനി ഷാജൻ എന്നിവർ അറിയിച്ചു.

# കാനഡയിൽ ശക്തമായ കുടിയേറ്റ നിയന്ത്രണം അനിവാര്യമാണെന്ന് സർവ്വേ റിപ്പോർട്ട്

ഒട്ടാവ: രാജ്യത്ത് ശക്തമായ കുടിയേറ്റ നിയന്ത്രണം ആവശ്യമെന്ന നിലപാട് കനേഡിയൻ പൗരന്മാർ സ്വീകരിക്കുന്നതായി പുതിയ സർവ്വേ.

പുതിയ കുടിയേറ്റക്കാരെ രാജ്യത്തിന് ആവശ്യമില്ല എന്ന് സർവ്വേയിൽ പങ്കെടുത്ത 60 ശതമാനം പേരും അഭിപ്രായപ്പെട്ടതായി ലെഗർ സർവെ റിപ്പോർട്ട്. പുതിയതായി രാജ്യത്തേക്ക് വരുന്നവർ അവരുടെ പാരമ്പര്യങ്ങൾ ഉപേക്ഷിക്കണോ, വേണ്ടയോ എന്ന കാര്യത്തിൽ ഭിന്നാഭിപ്രായമാണ് പ്രകടിപ്പിച്ചത്. ആൽബർട്ട (65%) ഒണ്ടാരിയോ (63%), ക്യൂബെക്ക് (61%) എന്നിവിടങ്ങളിൽ നിന്നാണ് ഏറ്റവും ശക്തമായ എതിർപ്പ് ഉയർന്നു വന്നിട്ടുള്ളത്. സർവേയിൽ പങ്കെടുത്ത കാനഡയിൽ നിലവിലുള്ള കുടിയേറ്റക്കാർ പുതിയ കുടിയേറ്റക്കാരെ സ്വാഗതം ചെയ്യാൻ തയ്യാറാണെന്ന അഭിപ്രായവും സർവ്വേ കണ്ടെത്തി.

# ഡബ്ല്യൂ.എം.സി ഫിലാഡൽഫിയ പ്രൊവിൻസ് സംഘടിപ്പിക്കുന്ന സമൂഹ വിവാഹം ഗാന്ധിഭവനിൽ




**– ജോസഫ് ജോൺ കാൽഗറി**

ഫിലാഡൽഫിയ: വേൾഡ് മലയാളി കൗൺസിൽ ഫിലാഡൽഫിയ പ്രൊവിൻസ് പത്തനാപുരം ഗാന്ധിഭവന്റെ സഹകരണത്തോടെ 25 ജോഡി നിർധന യുവതി യുവാക്കളുടെ വിവാഹം നടത്തുന്നു.

കേരളത്തിന്റെ എല്ലാ ജില്ലകളിൽ നിന്നുമുള്ള അനുയോജ്യരായ യുവതി യുവാക്കളെയാണ് അവരുടെ ബന്ധുമിത്രാദികളുടെ സഹകരണത്തോടെ കണ്ടെത്തിയിട്ടുള്ളത്. വിവാഹത്തിനുള്ള വസ്ത്രങ്ങൾ, സ്വർണ്ണാഭരണങ്ങൾ, യാത്രാചിലവ്, സമ്പൂർണ്ണ സദ്യ, പോക്കറ്റ് മണി അടക്കം വധൂവരന്മാർക്ക് ആവശ്യമായ എല്ലാ കാര്യങ്ങളും നിർവഹിക്കുന്നത് വേൾഡ് മലയാളീ കൗൺസിലിന്റെ ഫിലാഡൽഫിയ പ്രൊവിൻസാണ്.

വേൾഡ് മലയാളി കൗൺസിലിന്റെ 30-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായാണ് സമൂഹ വിവാഹം നടത്തപ്പെടുന്നത്. സംസ്ഥാന ധനകാര്യവകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, ഗതാഗത വകുപ്പ് മന്ത്രി കെ.ബി. ഗണേഷ് കുമാർ, കൊടിക്കുന്നിൽ സുരേഷ് എം.പി, എൻ.കെ. പ്രേമചന്ദ്രൻ എം.പി, ശൂരനാട് മൗണ്ട് സീനായി ആശ്രമം സുപ്പീരിയർ റവ.ഗീവർഗീസ് റമ്പാൻ, പാളയം ചീഫ് ഇമാം ഡോ. വി.പി. ഷുഹൈബ് മൗലവി, ശുഭാനന്ദാശ്രമം ജനറൽ സെക്രട്ടറി ഗീതാനന്ദ സ്വാമി തുടങ്ങി രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മേഖലയിൽ നിന്നുള്ളവർ സമൂഹ വിവാഹത്തിന് അനുഗ്രഹാശിസ്സുകൾ നേർന്ന് മുഖ്യസാന്നിദ്ധ്യമായുണ്ടാകും. ഇതിനോടകം ഗോത്രവിഭാഗത്തിൽ നിന്ന് 80 ജോഡി ഉൾപ്പടെ 370 നിർധന യുവതികളുടെ വിവാഹം ഇതിനോടകം ഗാന്ധിഭവൻ നടത്തിയിട്ടുണ്ട്.

1995 ജൂലൈ മാസം ന്യൂ ജേഴ്സിയിൽ നടന്ന ആദ്യത്തെ ലോക മലയാളി കൺവെൻഷനിൽ രൂപം കൊണ്ട മലയാളി കൗൺസിൽ ലോകമെമ്പാടുമുള്ള മലയാളികളുടെ ഉന്നമനത്തിനായി നിരന്തരം പ്രവർത്തിച്ചു വരുന്നു. ഇന്ത്യയുടെ ഇലക്ഷൻ കമ്മീഷണർ ആയിരുന്ന ടി.എൻ. ശേഷൻ ചെയർമാനായി തുടങ്ങി പിന്നീട് കെ.പി.പി നമ്പൂതിരി, ലേഖ ശ്രീനിവാസൻ, പത്മവിഭൂഷൻ ഡോ. ഇ.സി.ജി സുദർശൻ, ഡോ. ബാബു പോൾ, ആൻഡ്രൂ പാപ്പച്ചൻ, സോമൻ ബേബി, ഗോപാലപിള്ള, ജോൺ മത്തായി തുടങ്ങിയ മഹത് വ്യക്തികൾ നേതൃത്വം വഹിച്ചാണ് വേൾഡ് മലയാളി കൗൺസിൽ എന്ന ഈ മഹാ പ്രസ്ഥാനം വളർച്ച കൈവരിച്ചത്.

ഇന്ന് വേൾഡ് മലയാളി കൗൺസിലിന് നേതൃത്വം നൽകുന്നവർ ഗോപാലപിള്ള (ചെയർമാൻ), ജോൺ മത്തായി (പ്രസിഡന്റ്), ക്രിസ്റ്റഫർ വർഗീസ് (ജനറൽ സെക്രട്ടറി), ഷഫീഖ് കുമാർ നായർ (ട്രഷറർ) ഇവർ അടങ്ങുന്ന ഭരണ സമിതിയാണ്. അഡ്മിനിസ്ട്രേറ്റീവ് സൗകര്യത്തിനായി 6 റീജിയനുകളായി തിരിച്ച് 60 ഓളം പ്രൊവിൻസുകളായി വേൾഡ് മലയാളി കൗൺസിൽ പ്രവർത്തിച്ചു വരുന്നു. സമൂഹ വിവാഹത്തിൽ പങ്കെടുക്കുന്നതിനായി അമേരിക്കയിൽ നിന്നും കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള പ്രതിനിധികൾ എത്തിച്ചേരും. ഒരുക്കങ്ങൾ പൂർത്തിയായതായി വേൾഡ് മലയാളി കൗൺസിൽ ഭാരവാഹികളായ നൈനാൻ മത്തായി (ഡബ്ല്യുഎംസി ഫിലാഡെൽഫിയ പ്രസിഡന്റ്), ജോൺ മത്തായി (ഗ്ലോബൽ പ്രസിഡന്റ്, ഡബ്ല്യുഎംസി), ക്രിസ്റ്റഫർ വർഗ്ഗീസ് (ഗ്ലോബൽ ജനറൽ സെക്രട്ടറി, ഡബ്ല്യുഎംസി, ജനറൽ കൺവീനർ മംഗല്യം, ഗോപാലപിള്ള ( ഗ്ലോബൽ പ്രസിഡന്റ്, ഡബ്ല്യുഎംസി), വിൻസെന്റ് ഡാനിയേൽ (ഡബ്ല്യുഎംസി, ഗാന്ധിഭവൻ) എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

# നോർത്ത് ഈസ്റ്റ് റീജിയൻ മാർത്തോമ്മ കൺവൻഷൻ സമാപിച്ചു



**– ജീമോൻ റാന്നി**

ന്യൂയോർക്ക്: മാർത്തോമ്മാ സഭയുടെ വടക്കേ അമേരിക്കൻ ഭദ്രാസനത്തിലെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ ഇടവകകളുടെ കൂട്ടായ്മയായ മാർത്തോമ്മാ നോർത്ത് ഈസ്റ്റ് റീജിയണൽ ആക്റ്റിവിറ്റി കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന 2025ലെ റീജിയണൽ കൺവെൻഷൻ അനുഗ്രഹപ്രദമായി സമാപിച്ചു.

സെപ്റ്റംബർ 26 മുതൽ 28 വരെ യഥാക്രമം ശാലേം മാർത്തോമ്മാ പള്ളി (ഈസ്റ്റേൺ ലോങ്ങ് ഐലൻഡ്), എപ്പിഫനി മാർത്തോമ്മാ പള്ളി (ഓസോൺ പാർക്ക്), സെന്റ് ജെയിംസ് മാർത്തോമ്മാ പള്ളി (റോക്ക്‌ലാൻഡ്) എന്നീ ഇടവകകളിലാണ് സുവിശേഷ യോഗങ്ങൾ നടന്നത്.

കൺവെൻഷൻ യോഗങ്ങളുടെ ഉദ്ഘാടനം ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ നിർവഹിച്ചു. മാർത്തോമ്മാ സഭയിലെ സീനിയർ വൈദീകനും ഫരീദാബാദ് ധർമ്മജ്യോതി വിദ്യാപീഠം പ്രിൻസിപ്പലുമായ റവ.ഡോ. എബ്രഹാം സ്കറിയ മുഖ്യ പ്രസംഗകനായിരുന്നു.

കൺവെൻഷന്റെ സമാപനദിനമായ ഞായറാഴ്ച, ഈ മേഖലയിലെ എല്ലാ ഇടവകകളും ചേർന്ന് നടത്തിയ വിശുദ്ധ കുർബാനക്ക് ഭദ്രാസനാധിപൻ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ നേതൃത്വം നൽകി . റീജിയണിലെ ഇടവകകളിലെ അംഗങ്ങളടങ്ങിയ സംയുക്തഗായകസംഘമാണ് ഗാനശുശ്രൂഷക്ക് നേതൃത്വം നൽകിയത്. ഗായകസംഘത്തിനു റവ. ആശിഷ് തോമസ് ജോർജ് ( ക്വയർ ഡയറക്ടർ), റോയി തടത്തിൽ (ക്വയർ ലീഡർ), ഷേർലി തോമസ് (ക്വയർ കൺവീനർ) എന്നിവർ നേതൃത്വം നൽകി.

റവ. ഡോ. പ്രമോദ് സഖറിയ (വൈസ് പ്രസിഡന്റ്), തോമസ് ജേക്കബ് (സെക്രട്ടറി), കുര്യൻ തോമസ് (ട്രഷറർ), ബെജി ടി.ജോസഫ് (അക്കൗണ്ടന്റ്), റവ. ജോയൽ സാമുവേൽ തോമസ് (ഭദ്രാസന സെക്രട്ടറി), ജോർജ് പി. ബാബു (ഭദ്രാസന ട്രഷറർ), റവ. ക്രിസ്റ്റഫർ ഫിൽ ഡാനിയേൽ, ചെറിയാൻ വർഗീസ്, ഡോ. ജോൺ കെ. തോമസ്, റോയ് സി. തോമസ്, കോരുത് മാത്യു, ഷേർളി തോമസ്, തങ്കം വി. ജോർജ് എന്നിവർ അടങ്ങുന്ന കമ്മിറ്റി കൺവെൻഷന്റെ അനുഗ്രഹപ്രദമായ നടത്തിപ്പിനായി പ്രവർത്തിച്ചു.

**– ഷാജി തോമസ് ജേക്കബ്**

# ഫോമാ ക്യാപിറ്റൽ റീജിയൻ അന്താരാഷ്ട്ര ചാമ്പ്യൻ സുനിൽ തോമസിനെ ആദരിച്ചു



**– പി പി ചെറിയാൻ**

മേരിലാൻഡ്: അമേരിക്കൻ മലയാളി അസോസിയേഷനുകളുടെ ഫെഡറേഷൻ ക്യാപിറ്റൽ റീജിയൻ, 2025 ഇന്റർനാഷണൽ 56 കാർഡ് ഗെയിം ചാമ്പ്യൻ സുനിൽ തോമസിനെ ആദരിക്കുന്നതിനായി പ്രത്യേക പരിപാടി സംഘടിപ്പിച്ചു. ഹോവാർഡ് കൗണ്ടിയിലെ അഭിമാനമായ മലയാളിയും മേരിലാൻഡ്, വാഷിംഗ്ടൺ ഡി.സി., വിർജീനിയ മേഖലകളിൽ സജീവസാന്നിധ്യവുമായ സുനിൽ തോമസിന്റെ വിജയം പ്രാദേശികവും ദേശീയവുമായ മലയാളി സംഘടനാ നേതാക്കളെയും സമൂഹ പ്രവർത്തകരെയും ഒരുമിച്ചു കൂട്ടി.

ഫോമാ ക്യാപിറ്റൽ റീജിയൻ വൈസ് പ്രസിഡന്റായ ലെൻജി ജേക്കബ് ഉദ്ഘാടനം ചെയ്തു. 56 കാർഡ് ഗെയിമിനോടുള്ള സുനിലിന്റെ പ്രതിബദ്ധതയും സമർപ്പണവും അഭിനിവേശവും വരും തലമുറയ്ക്ക് പ്രചോദനാത്മകമായ ഒരു മാതൃകയാണെന്ന് ജേക്കബ് പറഞ്ഞു.

ഫോമാ സീനിയർ പ്രതിനിധിയും മുൻ റീജിയണൽ വൈസ് പ്രസിഡന്റുമായ തോമസ് ജോസ് ചടങ്ങിൽ സന്നിഹിതനായിരുന്നു. ജോൺസൺ കടംകുളത്തിൽ (കൈരളി ഓഫ് ബാൾടിമോർ ഉപദേശക സമിതി ചെയർമാനും മുൻ പ്രസിഡന്റും), വിജോയ് പട്ടാമ്പാടി (വേൾഡ് മലയാളി അസോസിയേഷൻ (ഡി.സി. റീജിയൻ) ചെയർമാനും കൈരളി ഓഫ് ബാല്ടിമോർ മുൻ പ്രസിഡന്റും), ബിജോ വിധായത്തിൽ, ഫൊക്കാന കൺവൻഷൻ സഹ ചെയർ (ഡി.സി. റീജിയൻ), ബിജോ തോമസ്, കൈരളി ഓഫ് ബാൾടിമോർ മുൻ വൈസ് പ്രസിഡന്റും, ഫിനോ അഗസ്റ്റിൻ, ഫൊക്കാന റീജിയണൽ ഹോസ്പിറ്റാലിറ്റി കോർഡിനേറ്റർ (ഡി.സി. റീജിയൻ), ദിലീഷ് പവിത്രൻ, ഫെഡറൽ സർവീസിൽ ഉയർന്ന പദവിയിലുള്ള ഉദ്യോഗസ്ഥൻ ഉൾപ്പെടെ ക്യാപിറ്റൽ റീജിയനിലെ വിവിധ മലയാളി സംഘടനകളുടെ നേതാക്കളും പരിപാടിയിൽ പങ്കുചേർന്ന്, സമൂഹത്തിലെ ഐക്യവും അഭിമാനവും വിളിച്ചോതുന്ന സംഗമമാക്കി.

ഹൃദയസ്പർശിയായ സന്ദേശങ്ങളും അഭിനന്ദനങ്ങളും നിറഞ്ഞിരുന്ന ചടങ്ങിൽ, ഇത്തരത്തിലുള്ള നേട്ടങ്ങളെ ആഘോഷിക്കുന്നത് സമൂഹത്തിന്റെ അഭിമാനവും ഐക്യവും ശക്തിപ്പെടുത്തുമെന്ന് നേതാക്കൾ അഭിപ്രായപ്പെട്ടു. സുനിൽ തോമസ് ആദരവിന് നന്ദി പറഞ്ഞു.

## അലബാമ തലസ്ഥാനത്തു വെടിവയ്പ്പ്: 2 പേർ മരിച്ചു, 12 പേർക്ക് പരിക്കേറ്റു

– പി പി ചെറിയാൻ

അലബാമ: ശനിയാഴ്ച അലബാമ മോണ്ട്ഗോമറിയിലെ തിരക്കേറിയ ഡൗണ്ടൗൺ നൈറ്റ് ലൈഫ് ജില്ലയിൽ എതിരാളികളായ തോക്കുധാരികൾ പരസ്പരം വെടിയുതിർത്തതിനെ തുടർന്ന് കുറഞ്ഞത് 14 പേർക്ക് വെടിയേറ്റു. അതിൽ ഒരു കൗമാരക്കാരനും ഒരു സ്ത്രീയും ഉൾപ്പെടെ രണ്ട് പേർ മരിച്ചു.

പോലീസ് പറയുന്നതനുസരിച്ച്, അലബാമ സ്റ്റേറ്റ് ക്യാപിറ്റൽ കെട്ടിടത്തിന് ഒരു മൈലിൽ താഴെ പടിഞ്ഞാറുള്ള ബിബ്സ് ആൻഡ് കൊമേഴ്സ് സ്ട്രീറ്റുകളുടെ കവലയ്ക്ക് സമീപം രാത്രി 11.31 ഓടെയാണ് കൂട്ട വെടിവയ്പ്പ് നടന്നത്.

വെടിവയ്പ്പിന് ഇരയായവരിൽ കുറഞ്ഞത് അഞ്ച് പേരെയെങ്കിലും ഗുരുതരമായ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായി മോണ്ട്ഗോമറി പോലീസ് മേധാവി ജെയിംസ് ഗ്രാബോയ്സ് ഞായറാഴ്ച ഒരു വാർത്താ സമ്മേളനത്തിൽ പറഞ്ഞു.മോണ്ട്ഗോമറി ഡൗണ്ടൗണിനടുത്തുള്ള കൂട്ട വെടിവയ്പ്പിൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

വെടിവയ്പ്പിൽ പരിക്കേറ്റവരിൽ ഏഴ് പേർ 17 വയസ്സിന് താഴെയുള്ളവരാണെന്നും ഏറ്റവും ഇളയയാൾക്ക് 16 വയസ്സുണ്ടെന്നും അദ്ദേഹം പറഞ്ഞു.

വെടിവയ്പ്പിൽ കൊല്ലപ്പെട്ട രണ്ടുപേർ 17 വയസ്സുള്ള ജെറമിയ മോറിസും 43 വയസ്സുള്ള ഷോലാൻഡ വില്യംസും ആണെന്ന് ഗ്രാബോയ്സ് തിരിച്ചറിഞ്ഞിട്ടുണ്ട്. ഒഴിവാക്കാമായിരുന്ന അഭിപ്രായവ്യത്യാസത്തിൽ നിന്നാണ് വെടിവയ്പ്പ് ഉണ്ടായതെന്ന് മോണ്ട്ഗോമറി മേയർ സ്റ്റീവൻ റീഡ് പറഞ്ഞു.

## അഞ്ചു നൂറ്റാണ്ടിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു വനിത കാന്റർബറി ആർച്ച് ബിഷപ്പ്



ലണ്ടൻ: അഞ്ചു നൂറ്റാണ്ടിന്റെ ചരിത്രത്തിലാദ്യമായി ഒരു വനിത കാന്റർബറി ആർച്ച്ബിഷപ്പ്. ആംഗ്ലിക്കൻ സഭയുടെ പരമാധ്യക്ഷ പദവി വഹിക്കുന്ന കാന്റർബറി ആർച്ച് ബിഷപ്പായി സാറാ മുലാലിയെ (63) നിയമിച്ചു. ബാലപീഡനങ്ങൾക്കെതിരെ നടപടിയെടുത്തില്ലെന്ന ആരോപണത്തെത്തുടർന്ന് ബിഷപ്പ് ജസ്റ്റിൻ വിൽബി രാജി വച്ച ഒഴിവിലാണ് സാറാ മുലാലി ഈ പദവിയിലേക്കു തിരഞ്ഞെടുക്കപ്പെട്ടത്. കാന്റർബറിയിലെ 106–ാം ആർച്ച് ബിഷപ്പാണ് മുലാലി. 165 രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്ന, എട്ടരക്കോടിയോളം വിശ്വാസികളുള്ള ആംഗ്ലിക്കൻ സഭയുടെ ആത്മീയനേതാവാണ് കാന്റർബറി ആർച്ച്ബിഷപ്. ബ്രിട്ടനിൽ രാജാവ് കഴിഞ്ഞാൽ ഏറ്റവും ഉന്നത പദവി.

1962 മാർച്ച് 26 ന് സറേയിലെ വോക്കിങ്ങിൽ ജനിച്ച സാറാ എലിസബത്ത് മുലാലി നഴ്സിങ് ഓഫിസറായാണ് കരിയർ തുടങ്ങിയത്. 1999 മുതൽ 2004 വരെ ഇംഗ്ലണ്ടിന്റെ ചീഫ് നഴ്സിങ് ഓഫിസർ ആയി പ്രവർത്തിച്ചു. ആ പദവിയിലെത്തുന്ന ഏറ്റവും പ്രായം കുറഞ്ഞയാളാണ് മുലാലി. പ്രവർത്തനരംഗത്തെ മികവിന് 2005 ൽ ഡെയിം പദവി നൽകി ബ്രിട്ടിഷ് സർക്കാർ ആദരിച്ചു. 2015 ൽ ക്രെഡിറ്റൻ ബിഷപ്പായി. 2018 ൽ ലണ്ടൻ ബിഷപ്പായി. ഭർത്താവ് ഈമൺ മുലാലി. രണ്ടു മക്കളുണ്ട്.

## അഗാപെ മിനിസ്ട്രീസ് സംഘടിപ്പിക്കുന്ന 15–ാം വാർഷിക സമ്മേളനം 16 മുതൽ

സണ്ണിവെയ്ൽ (ഡാലസ്): ക്രിസ്തീയ ആത്മീയതക്കും നവീകരണത്തിനുമായി അമേരിക്കയിലെ അഗാപെ മിനിസ്ട്രീസ് സംഘടിപ്പിക്കുന്ന 15–ാമത് വാർഷിക സമ്മേളനം ‘അറൈസ് ആൻഡ് ഷൈൻ 2025‘ 16 മുതൽ 19 വരെ സണ്ണിവേലിലെ അഗാപെ ചർച്ചിൽ നടക്കും. എല്ലാ ദിവസവും വൈകിട്ട് 6:30 മുതൽ 9:30 വരെ വിശേഷ യോഗം. 19 ഞായറാഴ്ച രാവിലെ 11ന് പ്രത്യേക യോഗവും ഉണ്ടായിരിക്കും.

പ്രമുഖ സുവിശേഷകരായ റവ.ഡോ.സാബു വർഗീസ്, റവ.ഡോ.ജെയിംസ് മരോക്കോ, പ്ര. കെ.ജെ തോമസ് എന്നിവർ വചന ശുശ്രൂഷ നിർവഹിക്കും

കൂടുതൽ വിവരങ്ങൾക്ക്:

പ്ര. ജോൺ എബ്രഹാം 214 755 1569,

പ്ര. സാംസൺ തോമസ് 972 362 8966.

## കെസിഎസ് ചിക്കാഗോയുടെ ഗോൾഡീസ് മീറ്റ് ശ്രദ്ധേയമായി



കെസിഎസ് ചിക്കാഗോ ഗോൾഡീസ് മീറ്റ് ഡിസ്പ്ലെയിനിലെ ക്നാനായ സെന്ററിൽ നടന്നു. നാല്പതിലധികം അംഗങ്ങളെ ഈ കൂട്ടായ്മ ഒരുമിപ്പിച്ചു. അംഗങ്ങൾ അവരുടെ അനുഭവങ്ങളും ഓർമ്മകളും പങ്കുവെച്ചു. ബോഡി മൈൻഡ് ആൻഡ് സോൾ എന്നീ വിഷയങ്ങളെ കുറിച്ച് ഡോക്ടർ അജിമോൾ ജെയിംസ് പുത്തൻപുരയിൽ ക്ലാസ് എടുത്തു.

കെസിഎസ് ട്രഷറർ അറ്റോർണി ടീന നെടുവാമ്പുഴ ഗോൾഡീസിന്റെ പ്രാധാന്യത്തെക്കുറിച്ച് വിവരിച്ചു. കുര്യൻ നെല്ലാമറ്റം. ടോമി പുല്ലുകാട്ട്, മേയാമ്മ വെട്ടിക്കാട്ട്, ഫിലിപ്പ് ഏലക്കാട്ട് എന്നിവർ നേതൃത്വം നൽകി.

## കേരള പെന്തക്കോസ്ത് റൈറ്റേഴ്സ് ഫോറം ന്യൂയോർക്ക് ചാപ്റ്റർ ഏകദിന സെമിനാർ



ന്യൂയോർക്ക്: കേരള പെന്തിക്കോസ്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ന്യൂയോർക്ക് ചാപ്റ്റർ ഏകദിന സെമിനാർ നടത്തി. സെക്രട്ടറി ഇവാഞ്ചലിസ്റ്റ് അധ്യക്ഷത വഹിച്ചു. പാസ്റ്റർ വർഗീസ് സാമുവൽ മുഖ്യപ്രഭാഷണം നടത്തി. വൈസ് പ്രസിഡന്റ് റവറൽ എബി തോമസ് സെക്രട്ടറി, ജോയിന്റ് സെക്രട്ടറി ഡോക്ടർ റോജൻ, ട്രഷറർ ബ്രദർ ജോസ് ബേബി, വനിതാ കോർഡിനേറ്റർ സൂസൻ ജെയിംസ്, യൂത്ത് കോർഡിനേറ്റർ എന്നിവരാണ് നിയോഗ ചാപ്റ്റർ ഭാരവാഹികൾ

## ഐസിഇസിഎച്ച് ഡോക്ടർ ഷെയ്സൺ പി. ഔസേപ്പിനെ ആദരിച്ചു



ഇന്ത്യൻ ക്രിസ്ത്യൻ എക്യൂമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റൺ ഇന്റർനാഷണൽ ഫിലിം നിർമാതാവും ഫോട്ടോഗ്രാഫറും സേവ്യർ ഇൻസ്റ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ ഡീനുമായ ഡോ. ഷെയ്സൺ പി.ഔസേപ്പിനെ ആദരിച്ചു.

മലങ്കര കാത്തലിക് ചർച്ച് ഹാളിൽ നടന്ന യോഗത്തിൽ ഐസിഇസിഎച്ച് പ്രസിഡന്റ് ഫാദർ ഡോക്ടർ ഐസക് പി. പ്രകാശ് അധ്യക്ഷത വഹിച്ചു. മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് ഉപഹാരം നൽകി.

സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്ക പള്ളി വികാരി ഡോക്ടർ ബെന്നി ഫിലിപ്പ്, റഫറൻസ് ഫാദർ ഡോക്ടർ ജോബി മാത്യു, ഫാദർ ജോൺസൻ പുഞ്ചാക്കോണം, പി.ആർ.ഒ. ജോൺസൺ വീട്ടിനാൽ, റെജി കോട്ടയം, ഡോക്ടർ അന്ന ഫിലിപ്പ്, സിസ്റ്റർ ശാന്തി എന്നിവർ പ്രസംഗിച്ചു. പ്രോഗ്രാം കോർഡിനേറ്റർ ഫാൻസി മോൾ പള്ളാത്തുമഠം സ്വാഗതവും ട്രഷറർ രാജൻ അങ്ങാടിയിൽ നന്ദിയും പറഞ്ഞു. ഷെയ്സൺ പി. ഔസേപ്പ് നിർമ്മിച്ച വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയയെ ആസ്പദമാക്കിയുള്ള ഫേസ് ഓഫ് ഫെസ് ലെസ് എന്ന സിനിമ പ്രദർശിപ്പിച്ചു.

22 October- Govardhan Puja

Govardhan Puja in 2025 will be celebrated on the 22nd of October. It is a significant festival in Hindu culture that honours Lord Krishna's miraculous lifting of the Govardhan Hill. This event symbolises the protection of devotees and showcases Krishna's divine power in safeguarding the people of Vrindavan from the wrath of Indra.

## കേരള ഫെസ്റ്റ് 2025 വിശ്വാസം, പൈതൃകം, ഐക്യം എന്നിവയുടെ മഹത്തായ സാംസ്കാരിക ആഘോഷം

- ശങ്കരൻകുട്ടി, ഹൂസ്റ്റൻ



ചിക്കാഗോ: സി.എസ്.ഐ ചർച്ചിന്റെ നേതൃത്വത്തിൽ നവംബർ 8ന് കേരള ഫെസ്റ്റ് നടത്തുന്നു. 5:30 മുതൽ ഇല്ലിനോയിസിലെ ബെൽവുഡിലുള്ള സിറോ മലബാർ പാരിഷ് ഹാളിൽ പരിപാടി നടക്കും.

പ്രശസ്ത ക്ലാസിക്കൽ നർത്തകി, ചലച്ചിത്ര നടി, ദിവ്യ ഉണ്ണി, ചിക്കാഗോയിലെ മലയാളി സമൂഹത്തിൽ നിന്നുള്ള പ്രതിഭാധനരായ പ്രാദേശിക കലാകാരന്മാർ കലാകാരികൾ എന്നിവർ പങ്കെടുക്കുന്ന ഈ ഊർജ്ജസ്വലമായ ഉത്സവം, സംഗീതം, നൃത്തം, കലാ വൈഭവം എന്നിവയുടെ ആകർഷകമായ സംഗമമായിരിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു.

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന്റെ താളം, നിറം, ആത്മാവ് എന്നിവ പാരമ്പര്യത്തെ ഐക്യത്തിന്റെ ചൈതന്യവുമായി സമന്വയിപ്പിക്കുന്ന സായാഹ്നം ആയിരിക്കും ഇത്. കേരള ഫെസ്റ്റ് 2025 വെറുമൊരു ആഘോഷം മാത്രമല്ല ഒരു പുതിയ ഇടവക ക്രൈസ്റ്റ് ദേവാലയം സ്വന്തമാക്കുന്നതിനായി സമൂഹം അർത്ഥവത്തായ നടപടികൾ സ്വീകരിക്കുമ്പോൾ, ചിക്കാഗോയിലെ സിഎസ്ഐ ക്രൈസ്റ്റ് ചർച്ചിന് ഇത് ഒരു ചരിത്ര നാഴികക്കല്ലാണ്.

കേരളത്തിന്റെ സംസ്കാരത്തിന്റെയും ആത്മീയതയുടെയും സമ്പന്നമായ പൈതൃകം നിലനിർത്തിക്കൊണ്ട്, ഷിക്കാഗോയെ തങ്ങളുടെ രണ്ടാമത്തെ വീടാക്കി മാറ്റിയ മലയാളികൾക്കിടയിലെ വിശ്വാസത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും ഐക്യത്തിന്റെയും വർഷങ്ങളുടെ പ്രതീകമായിരിക്കും ഈ മഹത്തായ സ്വപ്നം.

ഷിക്കാഗോ പ്രദേശത്തുടനീളമുള്ള എല്ലാ മലയാളികളെയും സുഹൃത്തുക്കളെയും ഒത്തുചേരാനും, ഈ സുപ്രധാന അവസരത്തിൽ പങ്കുചേരാനും, സഭയുടെ യാത്രയിലെ ഈ പരിവർത്തനാത്മക അധ്യായത്തിനായി പിന്തുണയും പ്രാർത്ഥനയും നൽകാനും സംഘാടകർ ഊഷ്മളവും ഹൃദയംഗമവുമായ ക്ഷണം നൽകുന്നു. ഇത് വെറുമൊരു സംഭവമല്ല; ഇത് നമ്മുടെ പങ്കിട്ട സ്വത്വത്തിന്റെയും പ്രതീക്ഷകളുടെയും വരും തലമുറകൾക്കായി പുതിയോരു മാനം കെട്ടിപ്പടുക്കുന്നതിലുള്ള വിശ്വാസത്തിന്റെയും പ്രതീകമായിരിക്കും എന്ന് പബ്ലിക് റിലേഷൻസ് കോർഡിനേറ്റർ ഷിബു കുര്യൻ പറഞ്ഞു.

രക്ഷാധികാരി വികാരി ഫാദർ ജോ മലയിൽ, ജനറൽ കൺവീനർ സോമ ലൂക്കോസ്, ഇവന്റ് കോർഡിനേറ്റർ സുധ കുര്യൻ, ഫണ്ട് റൈസിംഗ് കോർഡിനേറ്റർ ബെൻ കുര്യൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘാടക സമിതി, കേരള ഫെസ്റ്റ് 2025 നെ സന്തോഷം, ഐക്യം, പ്രചോദനം എന്നിവയാൽ നിറഞ്ഞ ഒരു അവിസ്മരണീയ സായാഹ്നമാക്കി മാറ്റാൻ എല്ലാവരെയും ക്ഷണിക്കുന്നു. നിങ്ങളുടെ സാന്നിധ്യവും അകമഴിഞ്ഞ പിന്തുണയും ഈ പ്രിയപ്പെട്ട സ്വപ്നത്തെ നമ്മുടെ പുതിയ ഇടവക ക്രൈസ്റ്റ് ദേവാലയത്തിന്റെ നിർമ്മാണത്തെ ഒരു യാഥാർത്ഥ്യമാക്കി മാറ്റാൻ സഹായിക്കും. ഒരിക്കൽ കൂടി നിങ്ങളെ ഓരോരുത്തരെയും ഈ സംരംഭം സാക്ഷാത്കരിക്കുവാൻ സവിനയം സ്നേഹാദരങ്ങളോടെ ക്ഷണിച്ചുകൊള്ളുന്നു.

കൂടുതൽ വിവരങ്ങൾക്ക്: (630) 708 0550 പിആർ ആൻഡ് പബ്ലിക് റിലേഷൻസ് കോർഡിനേറ്റർ, സിഎസ്ഐ ക്രൈസ്റ്റ് ചർച്ച് ഓഫ് ചിക്കാഗോ.

### 23 October - Bhaidooj

In 2025, Bhaidooj will be celebrated on October 23. This is a heartwarming festival in India that strengthens the bond between brothers and sisters. Observed on the second day after Diwali, this occasion honours the unique relationship siblings share, with sisters praying for their brother's long life and prosperity.

### 23 October - Mole Day

Mole Day is observed on 23 October every year. This day commemorates Avogadro's Number which is a basic measuring unit in chemistry. This day was created to generate interest in chemistry.

### 24 October - United Nations Day

United Nations Day is observed on 24 October every year to mark the anniversary of the UN Charter's entry into force. Since 1948, this day has been celebrated and in 1971 it was recommended by the United Nations General Assembly to be observed by the Member States as a public holiday.

# കെ.സി.എസ് ഷിക്കാഗോയുടെ ബിജു തുരുത്തിയിൽ സ്മാരക ബാഡ്മിന്റൺ ടൂർണമെന്റ് ചരിത്ര വിജയം



കെ.സി.എസ് ചിക്കാഗോ സംഘടിപ്പിച്ച ബിജു തുരുത്തിയിൽ മെമ്മോറിയൽ ബാഡ്മിന്റൺ ടൂർണമെന്റ് കെ.സി.എസ് കായിക ചരിത്രത്തിലെ പങ്കാളിത്തത്തിന്റെയും പ്രേക്ഷക ഇടപെടലിന്റെയും കാര്യത്തിൽ ഒരു ചരിത്ര നാഴികകല്ലായി മാറി.

ടൂർണമെന്റിൽ 34 കളിക്കാരുടെ രജിസ്ട്രേഷനുകൾ റെക്കോർഡ് ഭേദിച്ചു. ആവേശകരമായ മത്സരങ്ങളും ഊർജ്ജസ്വലമായ സമൂഹ മനോഭാവവും ആസ്വദിച്ച പങ്കാളികൾ, സുഹൃത്തുക്കൾ, കുടുംബങ്ങൾ എന്നിവരുൾപ്പെടെ ഏകദേശം 150 പേർ ടൂർണമെന്റിൽ പങ്കെടുത്തു.

ജോയ്സ് ആലപ്പാട്ടും സുദീപ് മാക്കിലും ചേർന്നാണ് പരിപാടി വിദഗ്ദ്ധമായി ഏകോപിപ്പിച്ചത്, അവരുടെ സൂക്ഷ്മമായ ആസൂത്രണവും സംഘടനാമികവിനുമൊപ്പം, സഞ്ജു പുളിക്കത്തൊട്ടി, ടീന നെടുവാമ്പുഴ എന്നിവരുടെ ഗെയിം ഷെഡ്യൂൾ മികവു കൂടിയായപ്പോൾ വളരെ ഭംഗിയായി നടത്തപ്പെട്ട ടൂർണമെന്റ് ചരിത്രത്തിന് വഴി മാറുകയായിരുന്നു.

കെ.സി.എസ് പ്രസിഡന്റ് ജോസ് ആനമല തന്റെ പ്രസ്താവനയിൽ, ടൂർണമെന്റ് കെ.സി.എസ് ചരിത്രത്തിലെ അവിസ്മരണീയ വിജയമാക്കി മാറ്റുന്നതിൽ നൽകിയ മികച്ച സംഭാവനകൾക്കും പ്രതിബദ്ധതയ്ക്കും സംഘാടകർക്കും പങ്കാളികൾക്കും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തി.

# ഡാളസ് ക്നാനായ കാത്തലിക് അസോസിയേഷൻ വാർഷിക പിക്നിക് അതിരില്ലാത്ത ആവേശം വിതറി



ഡാളസ്: ടെക്സസിലെ കോപ്പലിലുള്ള ആൻഡ്രൂ ബ്രൗൺ പാർക്ക് ഈസ്റ്റിലെ ഗ്രാൻഡ് പവലിയനിൽ ഒക്ടോബർ 4 ശനിയാഴ്ച നടന്ന ഡാളസ് ക്നാനായ കാത്തലിക് അസോസിയേഷന്റെ വാർഷിക പിക്നിക് 2025 അഭൂതപൂർവ്വമായ ജന പങ്കാളിത്തത്തോടെ പ്രായഭേദമന്യേ എല്ലാവരിലും ആവേശമുണർത്തി. 500ലധികം പേർ പങ്കെടുത്ത ഈ പരിപാടിയിൽ റെക്കോർഡ് പങ്കാളിത്തം രേഖപ്പെടുത്തി, ഇത് വർഷത്തിലെ ഏറ്റവും ഊർജ്ജസ്വലമായ കമ്മ്യൂണിറ്റി ഒത്തുചേരലുകളിൽ ഒന്നായി മാറി.

സ്പോർട്സ്, ഗെയിമുകൾ, പരമ്പരാഗത കേരള ശൈലിയിലുള്ള ഭക്ഷണം എന്നിവയാൽ നിറഞ്ഞ ഒരു ദിവസത്തിനായി കുടുംബങ്ങളും സുഹൃത്തുക്കളും മനോഹരമായ ശരത്കാല കാലാവസ്ഥയിൽ ഒത്തുകൂടി. കെസിഎ ഡിഎഫ്ഡബ്ല്യു അറിയപ്പെടുന്ന കമ്മ്യൂണിറ്റി സ്പിരിറ്റ്, ടീം വർക്ക്, സാംസ്കാരിക അഭിമാനം എന്നിവയുടെ തികഞ്ഞ സംയോജനമാണ് ഈ പരിപാടിയിൽ പ്രതിഫലിച്ചത്. മെബിൻ വിരുത്തികുളങ്ങര, അബി പടപുരക്കൽ എന്നിവരുടെ നേതൃത്വത്തിലുള്ള സ്പോർട്സ് കമ്മിറ്റി, എല്ലാ പ്രായക്കാർക്കും വേണ്ടി മിഠായി പെറുക്കൽ, വാൽ പറിക്കൽ, ഓട്ടമത്സരങ്ങൾ, നാരങ്ങ ഓട്ടം, ഷോട്ട് പുട്ട്, വടം വലി, സാൻഡ് വോളിബോൾ തുടങ്ങി നിരവധി ആവേശകരമായ മത്സരങ്ങൾ സംഘടിപ്പിച്ചു.

ഉത്സവത്തിന്റെ ആവേശത്തിന് ആക്കം കൂട്ടിക്കൊണ്ട്, പങ്കെടുത്ത എല്ലാവർക്കും കേരള തനിമയുടെ യഥാർത്ഥ രുചി പകർത്തിയ, വായിൽ വെള്ളമൂറുന്ന പരമ്പരാഗത കേരള നാടൻവിരുന്ന് ഒരുക്കിയ കമ്മ്യൂണിറ്റി അംഗമായ ജോസ്മോൻ ബിൻസി പുഴക്കരോട്ട് ദമ്പതികൾ പ്രത്യേക പ്രശംസ നേടി.

കെ.സി.എ.ഡി.എഫ്. ഡബ്ല്യു. പ്രസിഡന്റ് ബൈജു ആലപ്പാട്ടിനോടൊപ്പം സെക്രട്ടറി ബിനോയ് പുത്തൻമഠത്തിൽ, ജോയിന്റ് സെക്രട്ടറി അജീഷ് മുളവിനാൽ, ട്രഷറർ ഷോൺ ഏലൂർ, മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ, വിമൻസ് ഫോറം, കെ.സി.വൈ.എൽ. യുവജന വേദി തുടങ്ങിയ പോഷക സംഘടനകൾ പിക്നിക്കിനു നേതൃത്വം നൽകി. ആഘോഷത്തിന് ആത്മീയ ഊഷ്മളത പകർന്ന ഡാളസ് ക്രിസ്തുരാജ ക്നാനായ ദേവാലയത്തിന്റെ വികാരി ഫാ. ബിൻസ് ചേത്തലിനും സിസ്റ്റേഴ്സിനും കെ.സി.എഡിഎഫ്.ഡബ്ല്യു ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തി

ചടങ്ങിൽ സംസാരിച്ച കെസിഎഡിഎഫ്ഡബ്ല്യു പ്രസിഡന്റ് ബൈജു ആലപ്പാട്ട്, പരിപാടി സാധ്യമാക്കിയ എല്ലാ അംഗങ്ങൾക്കും, കുടുംബങ്ങൾക്കും, സന്നദ്ധപ്രവർത്തകർക്കും നന്ദി പറഞ്ഞു. പിക്നിക് വെറും രസകരമായ ഒരു ദിവസമല്ല ഡാളസ്ഫോർട്ട് വർത്തിലെ നമ്മുടെ ക്നാനായ സമൂഹത്തിന്റെ ഐക്യത്തിന്റെയും സൗഹൃദത്തിന്റെയും ശക്തിയുടെയും പ്രതിഫലനമാണിത്. ഇത്രയും അത്ഭുതകരമായ പങ്കാളിത്തവും ടീം വർക്കും കാണുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്, അദ്ദേഹം പറഞ്ഞു. ദീർഘകാലമായി നിലനിൽക്കുന്ന കെ.സി.എഡി.എഫ്.ഡബ്ല്യു പാരമ്പര്യമായ വാർഷിക പിക്നിക്, നോർത്ത് ടെക്സസിലെ ക്നാനായ കുടുംബങ്ങൾക്കിടയിൽ ഐക്യം വളർത്തുന്നതിനും സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനുമുള്ള അസോസിയേഷന്റെ ദൗത്യത്തിന്റെ സന്തോഷകരമായ ഓർമ്മപ്പെടുത്തലായി വീണ്ടും പ്രവർത്തിച്ചു. 500ലധികം പുഞ്ചിരിക്കുന്ന മുഖങ്ങൾ, രുചികരമായഭക്ഷണം, അവിസ്മരണീയ നിമിഷങ്ങൾ എന്നിവയുമായി, കെസിഎഡിഎഫ്ഡബ്ല്യു വാർഷിക പിക്നിക് വിജയകരമായ കമ്മ്യൂണിറ്റി പരിപാടികളിൽ ഒന്നായി ഓർമ്മിക്കപ്പെടും.